
SREE NARAYANA HIGHER SECONDARY SCHOOL
THRIKKANARVATTOM - AYYAPPANKAVU
ESTD 1960
Managed By SND SAMAJAM
കമ്പ്യൂവേൾഡ്
little KITEs
"ലിറ്റിൽ കൈറ്റ്സ് - 2018 -19"

# ആമുഖം

ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂളിൽ ഈ വർഷം പുതുതായി ആരംഭിച്ച ഐ .റ്റി. ക്ലബ്ബാണ് "ലിറ്റിൽ കൈറ്റ്സ് ". ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ സാധിച്ചു. മാഗസിന്റെ ചീഫ് എഡിറ്റർ പ്രധാന അദ്ധ്യാപികയും , സ്റ്റാഫ് എഡിറ്റർ നിഷ . പി . നായരും ,സ്റ്റുഡന്റ് എഡിറ്റർ നിഖിൽ സുന്ദറുമാണ്. കുട്ടികളുടെയും അദ്ധ്യാപകരുടെയും സൃഷ്ടികൾ ഇതിൽ ഉൾപ്പെടുന്നു. ഐ .ടി. അധിഷ്ഠിതമായാണ് എല്ലാ വിവരങ്ങളും ചേർത്തിട്ടുള്ളത്. സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ എല്ലാ കുട്ടികളുടെയും അദ്ധ്യാപകരുടെയും മുന്നിൽ സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ

ബിന്ദു . ജെ (എച്ച്.എം.)

പത്രാധിപർ - നിഖിൽ സുന്ദർ .എം

പത്രാധിപസമിതി - ശ്രീനേഷ് കെ.എസ്

ആദിൽ അഗസ്റ്റിൻ

അതുൽ കൃഷ്ണ പി.ജി

നന്ദന .എസ്

സേതുലക്ഷമി.വി.എം

അബിത പ്രസാദ്

ചീഫ് എഡിറ്റർ - ബിന്ദു.ജെ (ഹെഡ്മിസ്ട്രസ്സ്)

സ്റ്റാഫ് എഡിറ്റർ - നിഷാ നായർ

സ്റ്റുഡന്റ് എഡിറ്റർ - നിഖിൽ സുന്ദർ.എം

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസസ്സ് -സലിദ.പി.പി &

രാജലക്ഷ്മി.സി.കെ

# ഉള്ളടക്കം

ആമുഖം........................................................................................2
കഥകൾ........................................................................................6
ദൈവത്തിന്റെ വരദാനം........................................................................7
കണ്ണന്റെ വികൃതി................................................................................9
വേറിട്ട കാഴ്ചകൾ................................................................................10
സ്നേഹവും അഹങ്കാരവും......................................................................12
അത്യാഗ്രഹം ആപത്ത്..........................................................................14
കുറവുകളിലെ നൻമ.............................................................................15
ജൻമദിന സമ്മാനം...............................................................................17
കഥകൾ........................................................................................20
മണ്ണിലെ ഉണ്ണി താരകങ്ങൾ...................................................................21
അമ്മയും കുഞ്ഞും................................................................................22
കഴിഞ്ഞ കാലങ്ങൾ...............................................................................23
ദാനം എന്ന വാക്കിനർത്ഥം..................................................................24
പൂന്തോട്ടം..........................................................................................25
മയിൽ പീലി........................................................................................26
ഒരു പ്രളയകാലം..................................................................................27
സ്പന്ദനങ്ങൾ.......................................................................................28
മഴ.....................................................................................................30
അമ്പാടിക്കണ്ണൻ..................................................................................31
വിദ്യാലയജീവിതം................................................................................32
പ്രളയം...............................................................................................33
ഇടയൻ...............................................................................................34
ചൊല്ലിയാട്ടം.......................................................................................35
ലേഖനങ്ങൾ........................................................................................36
ഭാഷനൈപുണ്യം...................................................................................37
പരസ്യം പതിക്കരുത്..............................................................................39
എന്റെ ഗുരുനാഥൻ...............................................................................40
ഭാഷാനാശം.........................................................................................42

കുഞ്ഞുങ്ങൾക്കും വേണം സ്വാതന്ത്ര്യം..................................................44
ബഷീറിന്റെ നോവലായ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു - പഠന ലേഖനം................46
കേരളം - ദൈവത്തിന്റെ സ്വന്തം നാടാണ്.................................................48
അനുഭവക്കുറിപ്പുകൾ...............................................................................49
മഹാപ്രളയത്തിന്റെ നേർക്കാഴ്ചകൾ........................................................50
പ്രളയം - പഞ്ചസാര പോലെ....................................................................54
ശാസ്ത്രക്കുറിപ്പ്.........................................................................................57
തീപ്പെട്ടി ഇല്ലാതെ തീ..............................................................................58
വാനിഷിങ്ങ് ഗ്ലാസ്സ്...................................................................................58
സിൽവർ മിറർ.........................................................................................59
കൃത്രിമ രക്തവും മിൽക്കും പരീക്ഷണശാലയിൽ......................................59
ചിത്രങ്ങൾ.................................................................................................60
നന്ദി.........................................................................................................69

# കഥകൾ

# ദൈവത്തിന്റെ വരദാനം

പണ്ട് പണ്ട് മിട്ടു എന്ന പേരുള്ള ഒരുകുട്ടിയുണ്ടായിരുന്നു.എപ്പോഴും സംശയമായിരുന്നു മിട്ടുവിന്. അവന്റെ സംശയമെല്ലാം തീർത്തു കൊടുക്കുന്നതു അവന്റെ അമ്മൂമ്മയായിരുന്നു. അവൻ ഒരു നാൾ അമ്മൂമ്മയോടു ചോദിച്ചു . ഈ ഭക്ഷണമെന്തിനാണ് കഴിക്കുന്നതെന്ന്. അപ്പോൾ അമ്മൂമ്മ പറഞ്ഞു ഭക്ഷണം കഴിക്കുന്നത് മോന്റെ വളർച്ചയ്ക്കും ബുദ്ധി വികാസത്തിനും വേണ്ടിയാണ് . ഇതു കേട്ടപ്പോൾ മിട്ടു ചോദിച്ചു എന്റെ വളർച്ചയ്ക്കും ബുദ്ധിക്കും വേണ്ടിയും



അമ്മൂമ്മയും ഈ ലോകത്തിലുള്ളവരും ഭക്ഷണം കഴിക്കുന്നതെന്തിനാണ് .നിന്റെ വളർച്ചയ്ക്കും ബുദ്ധിക്കും വേണ്ടിയാണ് നീ ഭക്ഷണംകഴിക്കേണ്ടത് അമ്മൂമ്മ പറഞ്ഞു ശരി മിട്ടു പറഞ്ഞു. ഭക്ഷണമൊക്കെ കഴിച്ചു കഴിഞ്ഞ് അമ്മൂമ്മയായിട്ട് മിട്ടുമോൻ നടക്കാനിറങ്ങി. കണ്ണുകാണാത്ത ഒരു അനിയത്തിയുമുണ്ട് അവളുടെ പേര് ചിഞ്ചു.പ്രകൃതി കണ്ടുവരുന്ന മിട്ടുമോനോട് അമ്മൂമ്മ പറഞ്ഞു,ഇതെല്ലാം ദൈവത്തിന്റെ വരദാനമാണ്. മലകളും, ചെടികളുമെല്ലാം ദൈവം തന്നതാണ്.മിട്ടുമോൻ തലയാട്ടി.നടത്തം കഴിഞ്ഞുവന്ന മിട്ടുമോനോട് ചിഞ്ചുമോൾ ചോദിച്ചു.എന്തൊക്കെയാണ് നീ കണ്ടത്?പ്രത്യേകിച്ചൊന്നുമില്ല.മിട്ടുമോൻപറഞ്ഞു.അതുകേട്ടപ്പോൾ ചിഞ്ചുമോൾ ഞെട്ടി.എന്ത് ?ഈ മനോഹരമായ ഭൂമിയിൽ കാണാനൊന്നുമില്ലെന്നോ?മലകളും കാടുകളും പൂക്കളും ഒക്കെ കാണാമല്ലോ.പ്രത്യേകിച്ചൊന്നുമില്ലെന്നു പറയുന്നത്

ശരിയാണോ? എനിക്കു കണ്ണുണ്ടായിരുന്നെങ്കിൽ ഞാനിതെല്ലാം ആസ്വദിച്ചേനെ.ഈ മനോഹരമായ ദൈവത്തിന്റെ ഭൂമി എനിക്ക് വളരെയധികം പ്രീയപ്പെട്ടതാണ്.ചിഞ്ചുമോൾ പറഞ്ഞു.മിട്ടുമോന് തന്റെ തെറ്റുകളെല്ലാം മനസ്സിലായി .അവന് ചവറുവലിച്ചെറിഞ്ഞു കളയുന്ന ശീലമുണ്ടായിരുന്നു. അവൻ ദൈവത്തിന്റെ വരദാനമായ ആ മനോഹരഭൂമി നന്നായി ആസ്വദിച്ചു.പിന്നെ അവന്റെ ചോദ്യങ്ങളെല്ലാം അവസാനിച്ചു.

ആദിൽ അഗസ്റ്റിൻ
9 A



# കണ്ണന്റെ വികൃതി

ഒരിക്കൽ ഒരിടത്ത് കണ്ണനെന്ന പേരുള്ള ഒരു ആനക്കുട്ടി ഉണ്ടായിരുന്നു. അവൻ മഹാവികൃതിയായിരുന്നു.

ഒരു ദിവസം കണ്ണന്റെ അച്ഛൻ രാവിലെ ജോലിക്കു പോയി. അപ്പോൾ കണ്ണൻ അമ്മയോട് കളിക്കുവാൻ പൊയ്ക്കോട്ടെ എന്നു ചോദിച്ചു .അമ്മ പറഞ്ഞു മോനെ കണ്ണാ സൂക്ഷിച്ചു കളിക്കണം മനുഷ്യൻമാർ നമ്മളെ പിടിക്കുവാനായി പുറത്ത് കുഴികുഴിച്ച് വെച്ചിട്ടുണ്ട് . അതിനാൽ മോൻ



സൂക്ഷിച്ചുവേണം കളിക്കുവാൻ. കണ്ണൻ ശരി അമ്മേ എന്നു പറഞ്ഞ് പോയി. എന്നാലും അമ്മപറഞ്ഞത് ഓർക്കാതെ കൂട്ടുകാരുമൊത്ത് കളിച്ചുകൊണ്ടിരുന്നപ്പോൾ അവൻ അറിയാതെ കുഴിയിൽപ്പെട്ടു.അവൻ കുഴിയിൽ കിടന്ന് ഉറക്കെ കരയുവാൻ തുടങ്ങി. അതുവഴി വന്ന കണ്ണന്റെ അച്ഛൻ കരച്ചിൽ കേട്ട് കുഴിയിൽ നോക്കിയപ്പോൾ കണ്ണൻ കുഴിയിൽ കിടക്കുന്നു.അച്ഛൻ ഉടനെ അടുത്തുണ്ടയിരുന്ന ഒരു വലിയ തടിക്കഷ്ണം കുഴിയിലേക്ക് ഇട്ടുകൊടുത്തു. കണ്ണൻ ഒരു വിധത്തിൽ അതിൽ പിടിച്ച്മുകളിൽ കയറി. വീട്ടിൽ വന്നയുടൻ അച്ഛനോടും അമ്മയോടും ഇനി ഞാൻ മുതിർന്നവർ പറയുന്നത് അനുസരിക്കാം എന്നു പറഞ്ഞു കണ്ണൻ ക്ഷമ ചോദിച്ചു.

ആരോമൽ

9B



# വേറിട്ട കാഴ്ചകൾ

രാവിലെ ജോലികൾ തീർത്ത് കുളിച്ചൊരുങ്ങി കുടയും ബാഗും തൂക്കി വിമല ടീച്ചർക്ക് ഒരോട്ടമാണ് സ്കൂളിലേക്ക്. ബസിൽ കയറി സീറ്റ് ഉറപ്പിച്ചു കഴിഞ്ഞാൽ പിന്നെ ഒരു ദീർഘ നിശ്വാസം, ഒരു മണിക്കൂർ നേരത്തേക്ക് ആശ്വാസമായി ചിന്തിക്കാമല്ലോ. കാപ്പിയും പാലയും പൂത്ത സുഗന്ധം പ്രവഹിക്കുന്ന ഗ്രാമീണ കാഴ്ചകൾ നഷ്ടമായതും ഓടയിൽ നിന്നും ആളുകൾ വലിച്ചെറിയുന്ന പാഴ് വസ്തുക്കളിൽ നിന്നും ദുർഗന്ധം വമിക്കുന്ന നഗര കാഴ്ചകൾ സ്ഥിരം കാഴ്ചയായതും ഒരു വീർപ്പുമുട്ടലോടെ ഓർത്തു. വേനൽ ചൂടിൽ പുറത്തേക്കു വമിച്ച വിയർപ്പു തുള്ളി കൈലേസു കൊണ്ടൊപ്പി ശരിയാക്കി വീണ്ടും റോഡിലേക്ക് കണ്ണും നട്ടിരുന്നു. മിഴികൾ റോഡിലും മനം വേറെ എങ്ങോട്ടൊക്കെയോ ആയിരുന്നു. ചിന്തയാം സാഗരത്തിലെ ശിലയായ തനിക്കു കണ്ടക്ടറുടെയും ഡോർ കീപ്പറുടെയും സംസാരങ്ങൾ ഒരു വലിയ ശല്യമാകാറില്ല. എന്നാൽ മത്സരിച്ചുള്ള ഓട്ടത്തിനിടയിൽ ബസ് കാര് വന്നു വിളിക്കുന്ന വഴക്കുകൾ തടസ്സമാകാറുണ്ട്. പക്ഷെ ചിന്തക്ക് കടിഞ്ഞാണിടാൻ ടീച്ചർ മുതിരാറില്ല.

വെക്കേഷൻ കോഴ്സ് മുതൽക്കു കിട്ടുന്ന വിവരങ്ങളും ഒരു വർഷത്തെ അക്കാദമിക് പ്രശ്നങ്ങളും ക്ലാസ്സിലെ പ്രശ്നങ്ങളും ഒക്കെ മാറ്റിയും മറിച്ചും ചിന്തിച്ചു കൊണ്ടിരിക്കെ അതാ സിഗ്നൽ ലൈറ്റ് തെറ്റിച്ചു ഒരു ബൈക്കിൽ ദമ്പതിമാർ തന്റെ ബസിനു മുന്നിലുള്ള ബസിൽ ഇടിക്കുന്നു. ആളുകൾ ഓടിക്കൂടുന്നു ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്നു. പലരും

മൊബൈലിൽ ഫോട്ടോ എടുക്കുന്നു. ചിലർ ദേഹങ്ങൾ ആംബുലൻസിൽ കയറ്റുന്നു. രണ്ടുകൂട്ടരേയും പഴി ചാരി തങ്ങളുടെ പല പരിപാടികളും മുടങ്ങിയതിനെ കുറിച്ച് ശപിച്ചും കേണും മറ്റൊരു കൂട്ടർ.വാഹനങ്ങൾ രണ്ടും റോഡിന്റെ ഇരു വശത്തേക്കും മാറ്റിയിട്ടശേഷം ബ്ലോക്ക് നീക്കി എല്ലാം ഓടിത്തുടങ്ങവേ പിൻസീറ്റിൽ നിന്ന് രണ്ടുപേർ തങ്ങളുടെ മൊബൈലുകൾ നോക്കി പറയുന്നു എടാ എന്റെ ഫോണിൽ പെണ്ണ് വീണു കിടക്കുന്നതു മാത്രമേ കിട്ടിയുള്ളൂ. നിന്റേതിലോ? എന്റെതിൽ രണ്ടുമുണ്ടളിയാ...നമുക്ക് എല്ലാവർക്കും സെന്റ് ചെയ്യാം.



മരണം ഒരു കൗതുക കാഴ്ചയാകുന്നതുകേട്ട ടീച്ചർ ഒന്ന് ദീർഘമായി നിശ്വസിച്ചു. ആ നിശ്വാസത്തിൽ വേദനയുടെ ഗന്ധമുണ്ടായിരുന്നു.രക്തം വമിച്ചു കിടന്ന അപരിചിതരുടെ ചിത്രമുണ്ടായിരുന്നു. മനുഷ്യത്വം ഉണ്ടായിരുന്നു. വീണ്ടും പുറത്തേക്കു നോക്കുന്നതിനു മുൻപേ കണ്ടക്ടർ കച്ചേരിപ്പടി കച്ചേരിപ്പടി എന്ന് പുലമ്പി.

നിഷാ നായർ
മലയാളം അദ്ധ്യാപിക

# സ്നേഹവും അഹങ്കാരവും

ഒരു ദ്വീപിൽ കുറച്ച് ചങ്ങാതിമാർ താമസിച്ചിരുന്നു. ദയ,സന്തോഷം,സങ്കടം,,ദേഷ്യം,,സ്നേഹം, അഹംഭാവം,ഭയം എന്നിവയായിരുന്നു അവർ. പാട്ടുപാടിയും കഥകൾ പറഞ്ഞും അവർ ആ ദ്വീപിൽ അങ്ങനെ താമസിക്കുമ്പോഴാണ് അതുണ്ടായത്. ഭയങ്കരമായ കൊടുങ്കാററും വെള്ളപ്പൊക്കവും! “നമ്മുടെ ജീവൻ അപകടത്തിലാണ്.നമ്മൾ ചത്തുതന്നെ!” ഭയം




വിളിച്ചുകൂവി.സങ്കടം ഉറക്കെ നിലവിളിച്ചു.ദയയും സന്തോഷവും പരിഭ്രമത്തോടെ നിന്നു വിറച്ചു!ദേഷ്യമാകട്ടെ എല്ലാവരേയും ശകാരിക്കാനും തുടങ്ങി.അഹംഭാവം മാത്രം ഉറക്കെ ചിരിച്ചു."ഹി! ഹി!ഹി!"നിങ്ങളൊക്കെ വെള്ളം കുടിച്ചു മരിച്ചതു തന്നെ.പക്ഷേ എനിക്കുമാത്രം ഒരു ചുക്കും സംഭവിക്കില്ല!അവൻ പറഞ്ഞു.ഈ സമയം സ്നേഹം എന്തു ചെയ്യുകയായിരുന്നെന്നോ?ദ്വീപിൽ മുഴുവൻ തിരഞ്ഞ് അവൻ ഒരു തോണി കണ്ടെത്തി. അതുമായി വന്ന് സ്നേഹം തന്റെ ചങ്ങാതിമാരെ വിളിച്ചു."കൂട്ടുകാരേ വേഗം ഈ തോണിയിലേക്ക് കയറൂ! വെള്ളം പൊങ്ങി ദ്വീപുമുങ്ങും മുമ്പ് നമുക്ക് എങ്ങോട്ടെങ്കിലും രക്ഷപ്പെടാം!"അതുകേട്ട് എല്ലാവരും ആശ്വാസത്തോടെ തോണിയിലേക്ക് കയറി.പക്ഷേ എല്ലാവരും കയറിക്കഴിഞ്ഞിട്ടും ഒരാൾ മാത്രം ദ്വീപിൽ നിന്നു. അഹങ്കാരം ആയിരുന്നു അത്.സ്നേഹം ദ്വീപിലിറങ്ങി അഹങ്കാരത്തെ

നിർബന്ധിച്ചു;" നോക്കൂ കടൽ വെള്ളം ഉയർന്നു വരികയാണ് . തോണിയിൽ കയറിയാൽ നമുക്ക് മറ്റെവിടെയെങ്കിലും ചെന്ന് വീണ്ടും സമാധാനത്തോടെ ജീവിക്കാം. വരൂ, ഞാനല്ലേ വിളിക്കുന്നത്?" പക്ഷേ എന്തൊക്കെ പറഞ്ഞിട്ടും അഹങ്കാരം തോണിയിൽ കയറാൻ കൂട്ടാക്കിയില്ല. തോണിയിലിരുന്ന് മറ്റു ചങ്ങാതിമാർ സ്നേഹത്തെ വിളിച്ചു."അവൻ ഇല്ലെങ്കിൽ വേണ്ട! വരൂ നമുക്കു പോകാം!പക്ഷേ അപകടമാണെന്നു മനസിലാക്കിയിട്ടും സ്നേഹം കൂട്ടുകാരനെ രക്ഷിക്കാനുള്ള ആഗ്രഹത്തോടെ അവിടെത്തന്നെ നിന്നു.വെള്ളം കൂടി ദ്വീപുമൊത്തം മുങ്ങിയപ്പോൾ അഹങ്കാരവും സ്നേഹവും നഷ്ടപ്പെട്ടു.എന്നാൽ ഇതു കണ്ടുനിന്നവർ പറഞ്ഞു."അഹങ്കാരം ഒപ്പമുണ്ടെങ്കിൽ സ്നേഹത്തിന് നാശമുണ്ടാകുന്നു അതുകൊണ്ട് നമ്മൾ അഹങ്കാരത്തെ ഒഴിവാക്കുക.

സേതുലക്ഷ്മി
9 C



# അത്യാഗ്രഹം ആപത്ത്

ഒരു കാട്ടിൽ പിപ്പു എന്നൊരു മുയൽ താമസിച്ചിരുന്നു.ഒരു ദിവസം പിപ്പു ഒരു വലിയ മത്തങ്ങ കണ്ടു." ഹായ് ! നല്ല മത്തങ്ങ ഇതു വീട്ടിലേക്ക് കൊണ്ടുപോകാം"പിപ്പു മത്തങ്ങ പൊക്കിയെടുക്കാൻ നോക്കി.പക്ഷെ കഴിഞ്ഞില്ല.അപ്പോൾ പോപ്പു കുരങ്ങൻ അങ്ങോട്ടുവന്നു."പാതി തരാമെങ്കിൽ മത്തങ്ങ വീട്ടിലെത്തിക്കാൻ ഞാൻ സഹായിക്കാം"പോപ്പു



പറഞ്ഞു.എന്നാൽ പിപ്പു അതു സമ്മതിച്ചില്ല."ഇതിന്റെ ഒരു കഷ്ണം പോലും തരില്ല.നിന്റെ സഹായവും വേണ്ട."ഇതു കേട്ട പോപ്പു മരത്തിലേക്ക് കയറി.അപ്പോൾ ധിമ്മു കരടി അങ്ങോട്ടുവന്നു.ധിമ്മുവിന്റെ സഹായം തേടാം പിപ്പു കരുതി."ചേട്ടാ ഈ മത്തങ്ങ വീട്ടിലെത്തിക്കാമോ?"പിപ്പു ചോദിച്ചു."അതിനെന്താ ഇത് ഞാനെന്റെ വീട്ടിലേക്ക് കൊണ്ടു പോകാം".ധിമ്മു മത്തങ്ങ എടുത്തു നടന്നു."അയ്യോ എന്റെ മത്തങ്ങ കൊണ്ടു പോകല്ലേ". പിപ്പു കരഞ്ഞുകൊണ്ടു ധിമ്മുവിനെ തടയാൻ നോക്കി.ധിമ്മു പിപ്പുവിനെ തട്ടിമാറ്റി മത്തങ്ങയുമായി നടന്നു."കഷ്ടം ! എനിക്കു പാതി തന്നിരുന്നെങ്കിൽ മത്തങ്ങ നഷ്ടപ്പെടില്ലായിരുന്നു".പോപ്പു പറഞ്ഞതുകേട്ട് പിപ്പു നാണിച്ചു പോയി

സുദക്ഷിണ
9 C



# കുറവുകളിലെ നന്മ

അവറാച്ചന്റെ കോഴിക്കടയിൽ വിവിധതരത്തിലുള്ള അനേകം കോഴികളുണ്ട്. എല്ലാ കോഴികളെയും ഒന്നിച്ച് ഒരേ കൂട്ടിൽ തന്നെയാണ് അവറാച്ചൻ ഇട്ടിരിക്കുന്നത്. കോഴിക്കൂട്ടങ്ങളുടെ ഇടയിൽ പലനിറത്തിലും പല വലിപ്പത്തിലുമുള്ള സുന്ദരികോഴികൾ ഉണ്ടെങ്കിലും അതിനിടയിൽ ഏറ്റവും പാവമായിരുന്നു " മിന്നുകോഴി ". സൗന്ദര്യം കുറഞ്ഞതും തൂവലുകൾ കൊഴിഞ്ഞ് മെലിഞ്ഞ ശരീരവുമാണ് പാവം മിന്നുകോഴിയുടേത്. സുന്ദരികളായ മറ്റ് കോഴികൾ എന്നും മിന്നുകോഴിയെ കളിയാക്കുമായിരുന്നു. പാവമായതിനാൽ മിന്നുകോഴി തിരിച്ചൊന്നും പറയാതെ എന്നും ദൈവത്തോട് തനിക്ക് സൗന്ദര്യം തരാത്തതിൽ പരാതി പറഞ്ഞ് പ്രാർത്ഥിച്ചിരുന്നു.

നാളുകൾ കഴിയുന്തോറും അവറാച്ചന്റെ കടയിലെ കോഴികളുടെ എണ്ണം കുറയുവാൻ തുടങ്ങി. കൂട്ടിനുള്ളിലെ പല സുന്ദരികോഴികളേയും ഇതിനോടകം അവറാച്ചൻ കൊന്ന് ഇറച്ചിയാക്കി വിറ്റു കഴിഞ്ഞിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കോഴിയിറച്ചി വാങ്ങാൻ ഒരാൾ അവറാച്ചന്റെ കടയിൽ വന്നു. ആ സമയം അവറാച്ചൻ കോഴിക്കൂട്ടിൽ നിന്നും പിടിച്ചത് നമ്മുടെ പാവം മിന്നുകോഴിയേയാണ്.അവറാച്ചൻ പിടിച്ചതും മിന്നുകോഴി ഉറക്കെ കരയാൻ തുടങ്ങി. അങ്ങിനെ മിന്നുകോഴിയുടെ തൂക്കം നോക്കാൻ അവളെ ത്രാസിൽ വെച്ചപ്പോൾ , ഇതെല്ലാം കണ്ടുനിന്നിരുന്ന കോഴി വാങ്ങാൻ വന്ന ആൾ അവറാച്ചനോട് പറഞ്ഞു. തൂവലൊക്കെ കൊഴിഞ്ഞ് മെലിഞ്ഞ് ഉണങ്ങിയ ഈ കോഴിയെ എനിക്ക് വേണ്ട,പകരം കൂട്ടിനുള്ളിലെ ഒരു സുന്ദരി കോഴിയെ

ചൂണ്ടികാണിച്ച് കൊണ്ട് അയാൾ പറഞ്ഞു, എനിക്ക് ദാ... ആ കോഴിയെ മതി. ഇതു കേട്ടപാടെ അവറാച്ചൻ മിന്നുകോഴിയെ തിരികെ കൂട്ടിലിട്ട്, പകരം അയാൾ ചൂണ്ടികാണിച്ച സുന്ദരികോഴിയെ പിടിച്ച് അറുത്ത് ഇറച്ചിയാക്കി അയാൾക്ക് നൽകി. ഈ സമയത്താണ് ഭയന്ന് വിറച്ച് കൂട്ടിൽ നിന്ന മിന്നുകോഴിക്ക്, ദൈവം തനിക്ക് മെലിഞ്ഞ ശരീരവും സൗന്ദര്യവും നൽകാത്തതു മൂലമുള്ള ഗുണവും കൂട്ടിൽ സുന്ദരികോഴികൾ കുറയുവാനുള്ള കാരണവും മനസ്സിലായത്. എന്നും ദൈവത്തോട് സൗന്ദര്യം തരാത്തതിൽ പരാതി മാത്രം പറഞ്ഞിരുന്ന മിന്നുകോഴി അന്ന് ആദ്യമായി തനിക്ക് സൗന്ദര്യം തരാത്തതിൽ ദൈവത്തോട് മനസ്സറിഞ്ഞ് നന്ദി പറഞ്ഞു.

ദിവസങ്ങൾ പലതു കഴിഞ്ഞിട്ടും സൗന്ദര്യമില്ലാത്ത മിന്നുകോഴിയെ ആരും വാങ്ങാത്തതിനാൽ, അവളോട് കനിവു തോന്നിയ അവറാച്ചൻ അവളെ തന്റെ വീട്ടിലേക്ക് കൊണ്ടു പോയി വളർത്തുവാനും തീരുമാനിച്ചു.

ഗുണപാഠം : "ദൈവം നമുക്ക് തന്നത് കുറവുകളാണെങ്കിൽ ആ കുറവുകളിൽ എന്തെങ്കിലും വലിയ നന്മ ദൈവം കണ്ടിരിക്കും."

ദേവരാജ്. ടി.ജി

# ജൻമദിന സമ്മാനം

രാവിലെ അപ്പു കുറച്ചുനേരത്തെ ഉറക്കം എഴുന്നേറ്റു.ശനിയാഴ്ച സാധാരണ പതിവുള്ളതല്ല ഇത്ര നേരത്തെയുള്ള എഴുന്നേൽപ്പ്.ശാന്തി അവനോട് കാര്യം തിരക്കി."എന്നതാടാ,രാവിലെ സ്കൂളിൽ പോകണം എന്നു കരുതി എഴുന്നേറ്റതാണോ.ഇന്ന് ശനിയാഴ്ചയാണെന്ന് മറന്ന്പോയോ.മോൻ ഉറങ്ങിക്കോ അമ്മ വിളിക്കാം".അവൻ ഉത്തരം ഒന്നും പറഞ്ഞില്ല. ഒരു ചടങ്ങിനെന്ന പോലെ ഉമിക്കരി എടുത്തു പല്ലൊന്നു വെളുപ്പിച്ചു മുറ്റത്തെ പൊട്ടിയ പ്ലാസ്റ്റിക് ബക്കറ്റിൽ ഇരുന്ന വെള്ളമെടുത്തു വായും മുഖവും ധൃതിയിൽ കഴുകി "അമ്മേ ഞാൻ പോവാ". "എങ്ങോട്ടാ നീ ഓടുന്നത്.കഴിച്ചിട്ടു പോ അപ്പു". ....ശാന്തി വഴക്ക് പറഞ്ഞു.
"വിശപ്പില്ല അമ്മെ,വന്നിട്ടു കഴിക്കാം"."പറയുന്നത് കേൾക്ക് അപ്പു."അവൾ പുറത്തേക്ക് വന്നപ്പോഴേക്കും അപ്പു ഇറങ്ങി കഴഞ്ഞിരുന്നു."നിൽക്ക് അപ്പു",എവിടെ കേൾക്കാൻ. അവൻ റെയിൽവേ പാളത്തിലൂടെ ഓടി അകന്നു.ഇത്ര തിരക്ക് പിടിച്ചു ഈ ചെറുക്കൻ ഇതെങ്ങോട്ടാ.... ശാന്തി ആലോചിച്ചു.

അപ്പുവിനെ നമുക്കൊന്ന് പരിചയപ്പെടാം.അവനിപ്പോ ഒൻപത് വയസാകുന്നു.നാലാം ക്ലാസിൽ പഠിക്കുകയാണ്,വഴക്കാളി ഒന്നുമല്ല അവൻ ഒരു പാവം, ഇന്ന് വരെ ഒന്നിനും വാശി പിടിച്ചിട്ടില്ല.പുത്തൻ ഉടുപ്പും കളിപ്പാട്ടവും എല്ലാം അവന്റെ ഉള്ളിലെ ആഗ്രഹം മാത്രമാണ്. ഒന്നും അമ്മയോട് പറയാറില്ല.അമ്മയുടെ ബുദ്ധിമുട്ടുകൾ മനസിലാക്കാൻ പ്രായത്തിൽ കവിഞ്ഞ ഒരു പക്വത ഉണ്ടവന്."എന്താ ശാന്തിയെ ഇവിടെ നിൽക്കുന്നെ" ?അയൽപക്കത്തെ ലളിതചേച്ചി ചോദിച്ചു. ചേച്ചി ടൗണിലെ ആശുപത്രിയിൽ തൂപ്പുകാരിയാണ്. "ഒന്നുല്ല ചേച്ചി, ചെറുക്കനോട് കഴിച്ചിട്ടു പോകാൻ പറഞ്ഞതാ അവൻ ഓടി.ചേച്ചി ആശുപത്രിയിലേക്കാ?" "അതേ... പോട്ടേ ശാന്തിയെ... ഇപ്പഴേ വൈകി.നിനക്കിന്ന് പണിക്ക് പോകണ്ടേ?"

"പോണം ചേച്ചി,ഞാനും ഒരുങ്ങട്ടെ". ശാന്തി വീട്ടിലേക്ക് നടന്നു. അപ്പുവിനുള്ള ചോറും മറ്റും എടുത്തു വെച്ചിട്ട് ശാന്തിയും ഒരുങ്ങി ഇറങ്ങി.

സമയം ഉച്ചക്ക് ഒന്നരയായി. ശാന്തി തന്റെ ഊണ് പൊതിയെടുത്തു. അപ്പോഴാണ് ലളിതചേച്ചിടെ ഫോൺ. ശാന്തി ജോലി ചെയ്യുന്ന ഹോട്ടലിൽ നിന്ന് വളരെ അകലെയല്ല ലളിതചേച്ചിയുടെ ജോലി സ്ഥലം. "ശാന്തീ നീ ഹോട്ടലിൽ ആണോ?" "അതേ ചേച്ചി എന്തേ?" "നീ വേഗം ആശുപത്രീടെ അടുത്തേക്ക് വന്നേ." "എന്താ ചേച്ചി? കഴിച്ചിട്ട് വരാം." "പിന്നെ കഴിക്കാം. നീ ഒന്ന് വേഗം വാ ശാന്തിയെ." "ചേച്ചി,കാര്യം പറ." അപ്പോഴേക്കും ലളിതചേച്ചി ഫോൺ കട്ട് ചെയ്തു.
ഊണ് പൊതി മടക്കി വെച്ചിട്ട് ശാന്തി പുറത്തേക്കിറങ്ങി. ശാന്തിയുടെ മനസ്സിൽ ഭയം മുള പൊട്ടി. പതിവില്ലാത്ത ഒരു ഫോൺ വിളിയാണ്.എന്താ പ്രശ്നം? എന്തെങ്കിലും ഒന്ന് പറഞ്ഞിരുന്നെങ്കിൽ ആശ്വാസം ആയേനെ. ഈശ്വരാ! ഇനി അപ്പുവിന് എന്തെങ്കിലും? ഒരായിരം ചോദ്യങ്ങൾ ശാന്തിയുടെ മനസ്സിലൂടെ സഞ്ചരിച്ചു. ശാന്തി ഒരു വിധം ഓടികിതച്ച് ലളിതചേച്ചിയുടെ അടുത്തെത്തി. "എന്താ ലളിതചേച്ചിയെ ഇനിയെങ്കിലും നിങ്ങൾ കാര്യം പറ."
ആശുപത്രിയുടെ അടുത്ത് ഒരു ചെറിയ തുണികടയിലേക്ക് ലളിത അവരെ കൊണ്ടു പോയി. അവിടെ ചെറിയ ആൾക്കൂട്ടം ഉണ്ട്. ശാന്തി അവിടേക്ക് ചെന്ന് നോക്കിയപ്പോൾ നടുക്ക് അപ്പു നിന്ന് കരയുന്നുണ്ട്. "എന്താ മോനെ,എന്ത് പറ്റി?" പരിഭ്രാന്തിയോടെ ശാന്തി ചോദിച്ചു. "നിങ്ങൾ ആരാ ഈ കൊച്ചിന്റെ?" അവന്റെ അടുത്ത് നിന്ന മധ്യവയസ്കൻ ചോദിച്ചു. "എന്റെ മോനാ സാറെ. എന്ത് പറ്റി. എന്താ കാര്യം." "ഇവൻ ഇവിടെ നിന്നും സാരി അടിച്ചു മാറ്റാൻ നോക്കി. ഞാൻ ഈ കടയുടെ മുതലാളിയാ. ഇവനെ പോലീസിനെ കൊണ്ട് പാഠം പഠിപ്പിച്ചാലെ നന്നാവുകയുള്ളൂ." അയാൾ ആക്രോശിച്ചു. അയ്യോ സാറെ പോലീസിനെ വിളിക്കല്ലെ. അവൻ ഒരു പാവമാണ് സാറെ... ഇനി മേലിൽ അങ്ങനെ ആവർത്തിക്കില്ല, മാപ്പു തരണം. ലളിത ശാന്തിക്കു വേണ്ടി അപേക്ഷിച്ചു. "ശരി ശരി,കടന്നു പൊയ്ക്കോ ഇവിടെ നിന്നും .മേലാൽ ഇവിടെയൊന്നും കണ്ടേക്കരുത്." വീട്ടിലെത്തിയപ്പോൾ ശാന്തി അവനെ തലങ്ങും വിലങ്ങും തല്ലി,അവൻ വശം കെടുന്നതു വരെ.

“എന്തിനാടാ.. കള്ളൻ എന്ന പേരു കേൾപ്പിച്ചത്.” “അമ്മേ എന്നോട് ക്ഷമിക്കണം. ഇന്ന് അമ്മയുടെ ബർത്ത്ഡേ അല്ലേ.. അമ്മയ്ക്കൊരു സാരി സമ്മാനമായി തരണമെന്നുള്ള ആഗ്രഹം കൊണ്ടാണ്. എന്റെ കയ്യിലുള്ള നാണയങ്ങൾ എല്ലാം ഞാൻ കൊടുത്തു.എന്നിട്ടും അയാൾ തന്നില്ല. അതു പോരാ എന്നു പറഞ്ഞു.വേറെ വഴിയൊന്നും കാണാതിരുന്നത് കൊണ്ടാണമ്മേ.” അവൻ പൊട്ടിക്കരഞ്ഞു. ശാന്തി സങ്കടം കൊണ്ട് തളർന്നിരുന്നു പോയി.എന്റെ മോനേ നിന്നെ എല്ലാവരും കള്ളൻ എന്നു പറഞ്ഞപ്പോൾ അമ്മയ്ക്ക് സഹിക്കാനായില്ല , അതാണ് ഞാൻ നിന്നെ തല്ലിയത്. സാരമില്ല പോട്ടെ... അമ്മയ്ക്ക് ഗിഫ്റ്റൊന്നും വേണ്ട മോനെ, മോൻ നന്നായി പഠിച്ച് ഉയരങ്ങളിൽ എത്തണം എന്നു മാത്രമാണ് എന്റെ ആഗ്രഹം. മോനിതുമേലിൽ ആവർത്തിക്കരുത്. ഇല്ലമ്മേ ഞാനിനി ആവർത്തിക്കില്ല സത്യം. ശാന്തിയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. അപ്പുവിന്റെ കണ്ണിൽ നിന്നും കണ്ണീർ ഒലിച്ചിറങ്ങി. അവൻ അമ്മയെ കെട്ടിപ്പിടിച്ചു. രണ്ടു പേരും അങ്ങനെ ലയിച്ചു നിന്നു.

രാജേഷ് സി.ആർ

# കവിതകൾ

# മണ്ണിലെ ഉണ്ണി താരകങ്ങൾ



" മാനത്തെക്കൊച്ചു താരകമേ
നീ കാണൂ മണ്ണിലെ ഉണ്ണിതാരകങ്ങൾ
ഒത്തിരിവെട്ടം പകരും ഞങ്ങൾ
മണ്ണിലെ ഉണ്ണി താരകങ്ങൾ
ഇരുളിൽ തിരിയും കുട്ടികൾക്കായ്
വെളിച്ചം പകരും ഉണ്ണിതാരകങ്ങൾ
നീർവഴികാട്ടും ഉണ്ണിതാരകങ്ങൾ
നേർവഴികാട്ടും ഉണ്ണിതാരകങ്ങൾ
അമൃത വാക്കുകൾ പൊഴിക്കും ഞങ്ങൾ
മണ്ണിനെ വിണ്ണാക്കി മാറ്റിയിടും
സ്നേഹത്താൽ മുങ്ങിയ പൈതങ്ങൾ നാം
ശുഭവാർത്ത കണിവെക്കും ഉണ്ണിതാരകങ്ങൾ
സ്നേഹഗീതങ്ങൾ രചിക്കും ഞങ്ങൾ
ഭൂമിയിലെ നക്ഷത്രമേ മയങ്ങീടല്ലേ
നാളെയും നിന്നെ ഞാൻ കാത്തിരിക്കും! "

അനശ്രീ. പി. എസ്
9 A



# അമ്മയും കുഞ്ഞും



വെള്ളി നിലാവിൻ ചെറുമകളേ....
ഉള്ളം കവരും നറുമലരേ....
കണ്ണിനഴകായ് വിളമ്പുക നീ
മിന്നും പൊന്നിൻ മുത്തല്ലേ....

പഞ്ചികണക്കേ മിനുത്തവളേ
കുഞ്ഞിപ്പൂവേ കൺകുളിരേ
കുഞ്ഞിക്കാലടി പോലല്ലോ
നിന്നുടെ രൂപം കണിമലരേ...

ആര്യൻ പി .എൽ
9B



# കഴിഞ്ഞ കാലങ്ങൾ




സൂര്യ ചക്രവാളം മറഞ്ഞു
യവന ചന്ദ്രിക വിടർന്നു
മുറ്റത്തെ വാതിൽക്കൽ വന്നു നിൽപ്പൂ
സുന്ദരിയാം ബാല.
തൻ കഴിഞ്ഞ കാലങ്ങൾ ഓർത്ത്
പടിവാതിൽക്കൽ നിന്നുപോയവൾ
ഇനി ഒരിക്കലും കിട്ടില്ല തൻ
കഴിഞ്ഞു പോയ കാലങ്ങൾ
മറഞ്ഞു പോയ കാലങ്ങൾ
മുറ്റത്തു  നിന്നു തൊടിയിലേക്കു
നോക്കി നിൽപ്പൂ ബാല.
സുന്ദരിയാം ഭൂമി തൻ ഭംഗിയെ
കണ്ടു പോയവൾ
ഇപ്പോഴും ഞാൻ ഓർക്കുന്നു.
കഴിഞ്ഞു പോയ കാലങ്ങൾ ഓർക്കുന്നു
ഞാൻ ഇന്നും കഴിഞ്ഞ ദിനങ്ങൾ

മുഹമ്മദ് ആസിഫ് . എ
9C



# ദാനം എന്ന വാക്കിനർത്ഥം

കാറ്റിനോടും, പാവയോടും കുശലം
പറഞ്ഞു നടന്ന കാലത്തു
ചോദിച്ചു ഞാനെൻ അമ്മയോട്
ദാനം എന്ന വാക്കിനർത്ഥം എന്തെന്ന്
തെല്ലും മടിക്കുടാതെ തന്നെ ചൊല്ലി
തന്നെൻ അമ്മ ദാനമെന്നാൽ
ദാരുണമായ മനസ്സാടെ ദാരിദ്രനെ
സഹായിക്കുന്നതു തന്നെ
വളരുന്തോറും കണ്ടു കൊണ്ടിരുന്നു
ഞാനെൻ അമ്മയുടെ ദാന ശീലത
മുഖം നോക്കാതെ കൊടുത്തെൻ അമ്മ
ദാരുണമായ മനസ്സോടെ നൽകി
ദരിദ്രന് വയറു നിറച്ചാഹാരം
എൻ വയറെരിയുന്നത് കാണുന്നതിന്
മുമ്പു തന്നെ നശിച്ചിരുന്നു
പൂനിലവാകുന്ന എൻ കുടുംബം
പിന്നീടു ചോദിച്ചു ഞാനെൻ
അമ്മയോട് ദാനത്തിന്റെ ഫലമെന്തെന്ന് ?
തെല്ലും മടി കൂടാതെ തന്നെ
അധികമായാൽ അമൃതം വിഷമെന്ന്.





ചിത്രലേഖ
9B

# പൂന്തോട്ടം

ഓരോ മലരും വിരിഞ്ഞുനിന്നു
ശലഭങ്ങളെല്ലാം പറന്നുവന്നു
ചെമ്പകം, പൂമുല്ല ,ചെടിച്ചട്ടികളും ,തെച്ചിയും
പിച്ചിയും,പൂത്തുലഞ്ഞു.
വണ്ടുകൾ ആനന്ദപാട്ടും പാടി
ചെമ്പകപ്പൂവിലിരുന്ന് കൊണ്ട് പൂത്തുമ്പിപാറി
പറന്നുവന്നു.പൂന്തേൻ കുടിച്ചു രസിച്ചു നിന്നു
കാർതെന്നലിങ്ങു വീശിയപ്പോൾ പൂവുകൾ
ആനന്ദ നൃത്തമാടി പക്ഷികളാഹ്ലാദ പാട്ടു
പാടി മയിലുകൾ സന്തോഷ നൃത്തമാടി
കുട്ടികൾ പാടി കളിച്ചിടുന്നു
പൂന്തോട്ടം എന്തൊരു ഭംഗിയാണ്



മുഹമ്മദ് ഇഹ്സാൻ ഹസ്സൻ
9 A



# മയിൽ പീലി

കനകം നിറഞ്ഞ രഥത്തിൽ
വർണ്ണങ്ങൾ വാരിയെറിഞ്ഞപ്പോൾ
പുസ്തകത്താളിൽ  ഞാൻ സൂക്ഷിച്ചുവെച്ചു...
എന്റെ നിറമാർന്ന തിളക്കത്തിൽ ,കൂട്ടുകാരി
നിൻ സൗന്ദര്യത്തിന്റെ രഹസ്യമെന്ത് ?
തിരുമേനി വർണ്ണത്താൽ നിറച്ചുവന്നവളേ
വർണ്ണത്തിൽ ദേവതേ
നിൻ കണ്ണിൽ എന്തു നി
ചൊല്ലു മഴവില്ലിൻ കൂട്ടുകാരി
മയിൽ പീലി നിന്റെ ഈ തളിർ തഴകൽ
കുളിർ കാറ്റു പോലെ നിന്നിൽ വിഴുന്നു
കൺ  കുളിർക്കുന്നു നിന്നെ കാണുമ്പോൾ
മനം കവരുന്നു നിൻ സൗന്ദര്യം



നന്ദന.എം.ബി
9 A



# ഒരു പ്രളയകാലം



ജലത്തിൻ കുത്തൊലിപ്പിൽ കുതിച്ചുയർന്ന -
തിരകളിൽ ചുഴികളിൽ മുങ്ങിയമർന്ന -
തെത്രയെത്ര കാഴ്ചകൾ ...
മനം നോവും ഓണക്കാല മിതാദ്യം-
ഇതെന്നോതി വയോധികർ ...
വാരി തൻ ആഴമിത്രയും കഠിനമോ
സ്വജീവനും വസ്തുവും ബന്ധുമിത്രങ്ങളും
ക്ഷണത്തിൽ കുതിക്കവേ ....
നേവി തൻ ആശ്രയം ബോട്ടുകൾ നിരവധി,
ബിരിയാണി ചെമ്പുകൾ മുങ്ങിയും
പൊങ്ങിയും മാനവർ തേങ്ങുന്നു ഓടുന്നു ...
ക്യാമ്പുകളായ് പിന്നെ ബന്ധു വീടുകളായ് പിന്നെ
മർത്ത്യരിതെത്ര അലയുന്നു .
ഭക്ഷണപ്പൊതികളും വൈദ്യർ തൻ
സാന്ത്വനം ,കുഞ്ഞിനെ പേറും ഉദരങ്ങൾ
ആധികളും പിന്നെ വ്യാധികളും
കോരിച്ചൊരിയുന്ന പേമഴയും
കേരളത്തിനുഖച്ഛായയിലാകട്ടെ
നാനാ നദികൾ തൻ ആർത്തിരമ്പം
ഉറ്റോരും കൂട്ടരും ഇല്ലാതായിട്ട്
സ്വന്തം സ്ഥലം പോലും കാണാതായിട്ട്
നേടിയതെല്ലാം വ്യർഥമായിട്ട്
കണ്ണ് മിഴിച്ച മാനവരെ
കണ്ടാലറിയാത്ത മാതിരിയായവർ
ആകെ ശ്വാസം ലഭിച്ചതിൽ സായൂജ്യം
ശ്വാസം ലഭിച്ചതിൽ സായൂജ്യം .............

നിഷാ നായർ
മലയാളം അദ്ധ്യാപിക

# സ്പന്ദനങ്ങൾ

ആദ്യമഴയുടെ കൊലുസ്സിന്റെ
കിലുക്കം കേൾക്കാനൊരു
വേഴാമ്പലും കാതോർത്തിരുന്നില്ല....
പാതയോരത്തെ മരച്ചില്ലയിൽ
കൂട്ടം തെറ്റിപ്പോയൊരൊറ്റക്കിളിയുടെ
വിലാപമാരും കേട്ടില്ല.
പകലറുതിയിലേക്ക്
മയങ്ങി വീണ കുറെ സ്വപ്നങ്ങളുടെ
വക്കും മൂലയും തേഞ്ഞതും,
ചിന്തകൾക്ക് ക്ലാവ് പിടിച്ചതും
ആരും അറിഞ്ഞതേയില്ല.



മുറുക്കിയടച്ച ഓർമ്മച്ചെപ്പുകൾ
തുറന്നു നോക്കാനാരും
ശ്രമിച്ചതുമില്ല.
കർക്കിടകം ഇരുണ്ട് പെയ്ത
മഴയുടെ വാതിലടക്കാതെ
കാണാമറയത്തേക്ക്
നടന്നു പോയതാരാണ്?
ഒരു കാറ്റിന്റെ ചിറകടിയിൽ
സ്നേഹവാത്സല്യങ്ങളുടെ
നനവും ഗന്ധവും

ഊറി വരുന്നത് ഞാനറിയുന്നു.
സാന്ത്വനങ്ങളുടെ പുതപ്പിനുള്ളിലെ സുരക്ഷയും
നന്മയുടെ ആന്ദോളനങ്ങളും
നഷ്ടബോധത്തോടെ
തിരിച്ചറിയുന്നു.
പടിയിറക്കങ്ങളുടെ ഇടവേളകളിൽ
കിതപ്പകറ്റാൻ ഒരാൽമരത്തണൽ
ഉണ്ടായിരുന്നെങ്കിലെന്ന്,
വെറുതെ മോഹിച്ചു പോകുന്നു.

ബിന്ദു . എൻ . ടി
മാത്തമാറ്റിക്സ് അദ്ധ്യാപിക

# മഴ



മഴയാൽ കുളിരുമീ മെയ്യ്
കാറ്റാടും പൂഞ്ചോലകളാടും
മഴയിൽ തത്തിക്കളിക്കുമീ മാക്രികൾ
മിന്നാമിനുങ്ങുകളൾ മിന്നുമി
രാത്രിയിൽ
മഴ തൂകിയ നേരിയ നലിൽ
മഴ മുത്ത് കുലുങ്ങുമീ രാവിൽ
ചാറ്റൽ മഴ വന്ന് തട്ടുമെൻ ഹൃദയത്തിൽ
പൂമൊട്ടിടുമെൻ സ്നേഹനൊമ്പരങ്ങൾ
സുഖസുന്ദര രാത്രിയിൽ
മഴയെൻ വാതിൽ പടിക്കലെത്തും
സ്വപ്നത്തിൽ മുഴുകിയിരിക്കുമീ
എൻ മനം ചഞ്ചലത്താൽ ഞെട്ടും
മഴ ചോർന്നു  കുളിരുമീ മെയ്യ്
പ്രണയിക്കുന്നവർക്കായെന്നും
ഈ മഴ സ്നേഹം ചൊരിയും
ഭൂമിയെ തണുപ്പിക്കുമീ മഴ
പൂവിനെ കുളിപ്പിക്കുമീ മഴ
ഭൂമിയും പൂവും മഴയും
വരദാനം തന്നു ഈശ്വൻ



പൃഥ്വിരാജ് കെ ജി
9 B

# അമ്പാടിക്കണ്ണൻ



തൊട്ടിലിൽ
കുട്ടിയുറങ്ങിക്കി-
ടക്കെ പെട്ടെന്നു
നള്ളിക്കരയിച്ചക്കണ്ണൻ
ഒന്നൊന്നായെണ്ണിപ്പറയെണ-
മെങ്കിൽ കൈവിരൽ പത്തും
മതിയാവാതാവും
കണ്ണന്റെ ഓടക്കുഴൽ വിളികേട്ടാൽ
ഭക്ഷിക്കാൻ വേണ്ട
വെണ്ണകട്ടു തിന്നുവാനായി പാൽക്കലമാകേ
ഉടച്ചുലച്ചു കണ്ണൻ
ഉണ്ണികളാണെങ്കിൽ കുസൃതികളെ-
ല്ലാമെ കുഞ്ഞിലേ നള്ളിക്കളയേണം .



തൃഷ്ണ . വി . ആർ
9 A

# വിദ്യാലയജീവിതം



അക്ഷരലോകത്തിലാദ്യമായ്
പിച്ചകത്താമ്പാള നെറുകയിൽ കുറിവരച്ച
അനുഗ്രഹ രാഗത്തൊടൊത്തൊരുമിച്ച
ഞാൻ പറന്നകന്നു .
ഇന്നു ഞാൻ അക്ഷരമമ്മാനമാടി കളിക്കും
സരസ്വതി ഗ്രഹത്തിൻ മുന്നിൽ ചേലുള്ളൊരു
ബാലകർ വിളക്കിൻ പ്രഭ
ചൊരിഞ്ഞുനിന്നിടുന്നു.അക്ഷരമുറ്റത്തിൽ
വിളക്കുമായന്നേരം കാൽവെച്ച കാൽവെച്ച
മുന്നിടുന്നു . സ്നേഹമായ് സാന്ത്വനമായ് കയ്പ്പുള്ള
വേദനകളിന്നു ഞാൻ മുതൽക്കൂട്ടായിടുന്നു
സൗഹൃദ ഭാക്ഷണം ചെയ്തു ഞാൻ ജീവിത
തളികയിൽ നോക്കുമ്പോ എന്തുരസം .
അക്ഷരദേവാങ്കണ സാനുഭൂതിയായ്
സാരംഗ സൗഹൃദ ഗുരു ശിഷ്യ ബന്ധമനേയ
അറ്റുപോവല്ലേ ഒരൊറ്റ ബന്ധങ്ങളും
അവസാന നിമിഷ ജീവിതത്തിൽ
ആയുസ്സിൽ മഹത്തായൊരു സമയമിതാണെന്നു
ഞാനിനോർത്തിടുന്നു.
ജീവിത മധ്യാങ്കണത്തിൽ ഞാനിന്നു
നണയുന്നു വിദ്യാലയ മധുര സ്വപ്നം
അറിവിൻ നിറവിൽ ഞാൻ മതിമറക്കുന്നു
ജീവക്കുന്നു അന്നുമിന്നു ഇതെന്നോ ഒരുനാൾ
മിന്നിമറയുന്ന മേഘജ്യോതിസ്സു പോൽ
ക്ഷണികമല്ലോ.........



വിസ്മയ .വി . എസ്
9 A

# പ്രളയം

കേരള നാടിന് എന്തുപറ്റി
പ്രകൃതിയും ഞങ്ങളെ കൈ വെടിഞ്ഞു
ദൈവം പോലും കണ്ണുചിമ്മി
ഓണവുമില്ല സദ്യയില്ലാ
വള്ളം കളിയില്ലാ പാട്ടുമില്ലാ
ഈ കാഴ്ചയത്രയും കണ്ടു കണ്ട്
മാവേലിതമ്പുരാൻ തേങ്ങിടുന്നു
ഉരുൾപൊട്ടി വീണ് വീടുകൾ ആകെ നശിച്ചുപോയി
റോഡുകൾ പാലങ്ങൾ  മുറിഞ്ഞുപോയി
തീവണ്ടിയാത്രയും വെള്ളത്തിലായ്
വൃദ്ധയും കുട്ടിയും മാതാപിതാക്കളും മണ്ണടഞ്ഞു
കാഴ്ചകൾ കണ്ട കുഞ്ഞുങ്ങൾ അമ്പരന്നു
ഡാമുകളൊക്കെ നിറഞ്ഞുപോയി
ഷട്ടറിൻ വീതി കവിഞ്ഞൊഴുകി
നെല്ലിയാംപതിയിൽ ജനങ്ങളിന്നും ദുരിതത്തിലാണ്ടു
ഫ്ലാറ്റിന്റെ പകുതിയും വെള്ളത്തിലായി
കേരളമൊന്നിച്ച് കൈകോർക്കുകിൽ
ഏത് വെള്ളത്തെയും മറികടക്കാം
ഈ കൊല്ലം നമുക്ക് ഈ ദുരന്തം
ആരും പ്രതീക്ഷിച്ചിരുന്നതല്ല
കേരളം വെള്ളത്തിലായപ്പോഴും
തോണിയും ബോട്ടും കാവലായി
കുന്നും മലയും ഇടിച്ചിട്ടുമ്പോൾ
ഒന്നും നാം ചിന്തിച്ചിടേണ്ടതില്ല
താൻ താൻ  നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻ താൻ അനുഭവിക്കീടുകെന്നേ വരൂ
എന്തൊരു ദുർവിധിയാണെന്റെ ദൈവമെ
ഈ ഗതികേട് വരുത്തല്ലെ ആർക്കുമേ





അതുൽ കൃഷ്ണ .പി.ജി
9 A

# ഇടയൻ

ആകാശത്തെ കുന്നിൻ മോളിൽ
മേഞ്ഞു നടപ്പൂ
വെളുത്ത കോട്ടുമണിഞ്ഞൊരു കൂട്ടം
ആട്ടിൻ പറ്റങ്ങൾ
തളിരില തിന്നും തെല്ലിട നിന്നും
മേഞ്ഞു നടപ്പാണ്.
കുഞ്ഞിച്ചെവിയാൽ ചെണ്ടയടിക്കും
ആട്ടിൻ പറ്റങ്ങൾ
കാറ്റാണവരുടെ ഇടയൻ
കാണാൻ കിട്ടില്ലെന്നാലും
വടിയും വീശി നടപ്പുണ്ടവനാ
കൂട്ടത്തിൽത്തന്നെ



വിഥുൻ

9A



# ചൊല്ലിയാട്ടം

ഇത്;
മനസ്സിന്റെ ചൊല്ലിയാട്ടം
വാക്കുകളേറ്റു പഠിച്ച പാഠങ്ങളും
അനുഭവങ്ങൾ നല്കിയ പാഠങ്ങളും
ഒരു തുലാസ്സിന്റെ രണ്ട് തട്ടുകൾ.

ഇവയുടെ തിരനോട്ടം എന്നിലെ
കലാകാരിയെ തൊട്ടുണർത്തി...
മനസ്സിനെ വിദൂര മേഘങ്ങളിൽ
അലയാൻ വിട്ടും

നാവിനെ ഒരിറ്റു വെള്ളത്താൽ
കുടിച്ചിറക്കിയും
വിവിധ രൂപങ്ങളിൽ ഇളകിയാടി
വിഷാദാർദ്ര ചിന്തകൾക്ക് പൊട്ടുകുത്തി...

ഒടുവിൽ
വേഷങ്ങളെല്ലാമഴിച്ചുവെച്ച്
വേദി വിട്ടൊഴിയുമ്പോൾ
ഞാനായി മാറാനെനിക്കാവുമോ ?

സിനി.വി
മലയാളം അദ്ധ്യാപിക

# ലേഖനങ്ങൾ

# ഭാഷനൈപുണ്യം

"അച്ഛനും അമ്മയും പ്രണയിച്ച
ഭാഷ മലയാളം
കുമ്പിളിൽ കുഞ്ഞി,വിശപ്പാറ്റുമ്പോൾ
വാക്കുതന്ന മലയാളം
പെങ്ങളോടെല്ലാം പറഞ്ഞുതളിർക്കുവാൻ
വന്ന മലയാളം
കൂലിപോരെന്നതറിഞ്ഞു പിണങ്ങുവാൻ
ആയുധം തന്ന മലയാളം."

കുരിപ്പുഴ ശ്രീകുമാറിന്റെ അമ്മ മലയാളം എന്നകവിതയിലേയാണ് ഈ വരികൾ .നമ്മുടെ ചിന്തകൾക്കും, സ്വപ്നങ്ങൾക്കുമെല്ലാം ജന്മം നൽകിയ,അവകാശങ്ങൾക്കുവേണ്ടി പൊരുതുന്നതിന്ആയുധമായ ഭാഷയാണ് മലയാളം. ഇതെല്ലാം വിസ്മരിച്ചുകൊണ്ട് പാശ്ചാത്യ സംസ്കാരത്തെ കണ്ണുമടച്ച് അനുകരിക്കാനുള്ള നെട്ടോട്ടത്തിലണ് മലയാളികൾ. ഈ പാച്ചിലിൽ നഷ്ടമാകുന്നത് നമ്മുടെ സംസ്കാരവും ഭാഷയും മൂല്യങ്ങളുമെല്ലാമാണ്.ഭാഷ എന്നാൽ ഒരു സംസ്കാരമാണ് ഒരു ജനതയുടെ അജീവാനാന്ത മന്ത്രമാണ് ഭാഷ.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യന്‌ പെറ്റമ്മ തൻഭാഷതാൻ"

എന്നാൽ ഇന്ന് മർത്ത്യന്നു പെറ്റമ്മ തൻ മാതൃഭാഷ മാത്രമല്ല ഇംഗ്ലീഷും കൂടിയാണ്. ഇന്നത്തെ തലമുറ മാതൃഭാഷയെന്നാൽ

വിശ്വസിച്ച് വെച്ചിരിക്കുന്നത് ആശയവിനിമയത്തിനുള്ള ഒരു ഉപാധിമാത്രമാണെന്നാണ്.

എന്നാൽ ഭാഷയിൽ നമ്മുടെ കേരള പാരമ്പര്യവും കലാപരമായ ചിന്തകളും ഉറങ്ങികിടക്കുന്നുണ്ട്.ഈ തലമുറ മാതൃഭാഷയെ നന്നായി പരിഗണിക്കുകയാണെങ്കിൽ ഒരു വള്ളത്തോളിനെയും ചെറുശ്ശേരിയെയും നമുക്കുവീണ്ടും സൃഷ്ടിക്കാവുന്നതാണ്. എന്നാൽ അതിനുള്ള സമയം പോലും കണ്ടെത്താൻ ചിലർക്ക് നേരമില്ല. ഇതുതന്നെയാണ് ഈ തലമുറ മാതൃഭാഷയെ അവഗണിക്കുന്നതും മറ്റുചില ഭാഷകൾ പരിഗണിക്കുന്നതും. ഇന്നത്തെ സ്കൂളുകളിൽ ഇപ്പോൾ ഉറുദു, സംസ്കൃതം,തമിഴ് തുടങ്ങിയ ഭാഷകൾ ഒന്നാം ഭാഷയാക്കി പഠിപ്പിക്കുന്നു. ഇങ്ങനെ വരുമ്പോൾ കുട്ടികളിൽ മലയാളത്തിനോട് ഒരു താഴ്ന്നതും പുച്ഛഭാവത്തിലുമുള്ള ഒരു ബോധമായിരിക്കും.



"എന്നുടെഭാഷ താനെൻ തറവാട്ടമ്മ -
യന്യയാം ഭാഷ വിരുന്നുകാരി "

എന്നാണ് പ്രശസ്ത കവി വള്ളത്തോൾ പാടിയിട്ടുള്ളത്.എന്നാൽ അത് ഇപ്പോൾ നേരെ തിരിച്ച് പാടേണ്ട ഒരു ഗതിയാണ് മലയാളികൾക്ക് .ഇംഗ്ലീഷ് ഭാഷക്കാണ് ഇന്ന് പ്രാധാന്യം. കൊച്ചുകുട്ടികൾ പോലും ഇംഗ്ലീഷിലാണ് സംസാരിക്കുന്നത്. ഓരോ മലയാളിയും മലയാളം നിർബന്ധമായും പഠിക്കണം.

അബിത പ്രസാദ്

9B

# പരസ്യം പതിക്കരുത്

പരസ്യങ്ങളുടെ ലോകത്താണ് ഇന്നു നാം ജീവിക്കുന്നത്.എന്തും അനുകരിക്കാൻ ഭ്രമം കൂടുതലുള്ള മലയാളി പരസ്യങ്ങൾക്കൊത്ത് ചലിക്കുന്ന പാവകളായി മാറിയിരിക്കുന്നു !

സൗന്ദര്യം വർദ്ധിപ്പിക്കാനുതകുന്ന പരസ്യങ്ങളാണ് ഏറ്റവും കൂടുതൽ. പരസ്യം കണ്ട് അതിന്റെ ആകർഷണ വലയത്തിൽ കുടുങ്ങി ഏറെനാൾ ഉപയോഗിച്ച് കഴിയുമ്പോഴണ് കബളിക്കപ്പെട്ട വിവരം അറിയുന്നത് .അപ്പോഴേക്കും ആ ഉൽപ്പന്നത്തിന്റെ അടിമയായിരിക്കും നാം.രണ്ടു ദിവസം കൊണ്ട് പൊണ്ണത്തടി കുറയ്ക്കാനും, അൾട്രാവയലറ്റ് രശ്മികളെ തടയുന്ന കുടകളും ഇന്ന് വിപണിയിൽ സുലഭം !ഒരു ഷർട്ട് വാങ്ങുമ്പോൾ ഒന്നു ഫ്രീ; തുടങ്ങിയ വാക്കുകളിൽ മലയാളി കുടുങ്ങിപോകുന്നു.

എന്തും എളുപ്പത്തിൽ സ്വന്തമാക്കാം,സുഖിക്കാം എന്നുള്ള ചിന്തയിൽ നിന്നാണ് ഈ അനുകരണഭ്രമം മലയാളികൾ വശമാക്കിയത്.അതിനിടയിൽ വസ്തുക്കളുടെ ഗുണമേന്മ,ഉപയോഗസാധ്യത എന്നിവ കണക്കിലെടുക്കാതെ എത്രയും പെട്ടെന്ന് സ്വന്തമാക്കാനുള്ള മലയാളികളുടെ താൽപ്പര്യത്തെ സ്വാർത്ഥത എന്നു പറയാമോ?

ഒരു നാണയത്തിന് രണ്ടു വശങ്ങൾ ഉള്ളതുപോലെ ഏതു കാര്യത്തിനും നല്ല വശവും ചീത്ത വശവും ഉണ്ടാവും.അറിവുപകർന്നു തരുന്ന യഥാർത്ഥ പരസ്യങ്ങൾ അവഗണിക്കാതിരിക്കുക.വേണ്ടതും വേണ്ടാത്തതും തിരിച്ചറിയാനുള്ള കഴിവാണ് ആവശ്യം



ആദിത്യൻ
9 B

# എന്റെ ഗുരുനാഥൻ

വള്ളത്തോൾ ഗാന്ധിജിയെ എന്റെ ഗുരുനാഥൻ എന്നാണ് വിശേഷിപ്പിച്ചത്.ത്യാഗം കൊണ്ടും താഴ്മ കൊണ്ടും ഉയർച്ചയിൽ എത്തിയ ഗാന്ധിജിയെ ആർക്കാണ് മറക്കാൻ കഴിയുക.

ക്രിസ്തുദേവന്റെ ത്യാഗശീലവും
കൃഷ്ണന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെ അഹിംസയും
രന്തിദേവന്റെ ദയയും
ഹരിചന്ദ്രന്റെ സത്യവും
മുഹമ്മദിന്റെ സ്ഥിരതയും

ഒത്തു ചേർന്നു കാണുന്ന ഒരാൾ മാത്രമേ ഈ ലോകത്തുണ്ടായിട്ടുള്ളു.അത് ഗാന്ധിജിയാണ്.

ഗീതയ്ക്കും മാതാവായ ഭൂമിയ്ക്കും മാത്രമേ ഇതുപോലൊരു കർമ്മയോഗിയെ പ്രസവിക്കാൻ കഴിയൂ എന്നാണ് വള്ളത്തോൾ അഭിപ്രായപ്പെടുന്നത്.

ത്യാഗം നേട്ടമായും താഴ്മ അഭ്യുന്നതിയായും കാണുന്ന ഈ യോഗിവര്യൻ ദുർചിന്തകളില്ലാത്ത ദുർലഭമായ തീർത്ഥമാണ്.കരിമഷി പുരളാത്ത മംഗള ദീപമാണ്.പാമ്പുകൾ തീണ്ടാത്ത മാണിക്യനിധിയും നിഴലുകളില്ലാത്ത നിലാവും എന്നാണ് വള്ളത്തോൾ വിശേഷിപ്പിച്ചിരിക്കുന്നത്.ഏത് നന്മയിലും വാത്യവിതികൾ

കണ്ടേക്കാം.എന്നാൽ ഗാന്ധിജിയിൽ നന്മ മാത്രമേയുള്ളു.ഇവിടെ നിഴലിനെ തിന്മയായും നിലാവിനെ നന്മയായും ഉപമിച്ചിരിക്കുന്നു.

നിഴലുകളില്ലാത്ത നിലാവ് അഥവാ തിന്മകൾ തൊട്ടുതീണ്ടാത്ത നന്മയുടേയും തിന്മയുടേയും നിഴൽ അൽപ്പം പോലും ബാധിക്കാത്ത കളങ്കമില്ലാത്ത ജീവിതമായിരുന്നു ഗാന്ധിജിയുടേത്.വാക്കുകളിലും ജീവിതത്തിലും പരിശുദ്ധി വരുത്തിയ മഹാത്മാവാണ് ഇദ്ദേഹം.'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് പ്രസ്താവിച്ച ഗാന്ധിജിയെ മഹത്തായ എല്ലാ ആദർശങ്ങളുടേയും ആൾരൂപമായി കവി കാണുന്നു.അഹിംസയുടെ ചടച്ചട്ട ഭേദിക്കാൻ ഒരു യുദ്ധത്തിനും കഴിയില്ലയെന്ന് ഗാന്ധിജി ഉറച്ചു വിശ്വസിച്ചു.മറ്റുള്ളവർക്ക് നന്മ ചെയ്യുകയും സ്വയം കഷ്ടതകൾ വരിക്കുകയും ചെയ്യുന്ന ഗാന്ധിജി സ്വാതന്ത്ര്യത്തിന്റെ പാതയിൽ പട്ടു വിരിക്കുന്നതായി വള്ളത്തോൾ ചിത്രീകരിക്കുന്നു

ഫാത്തിമ

9 B



# ഭാഷാനാശം

ഭാഷ എന്നാൽ ഒരു സംസ്കാരവും വ്യക്തിത്വവും കൂടിയാണ് . ആദ്യകാലങ്ങളിൽ നമ്മുടെ കഥകളിലും സാഹിത്യത്തിലും ഉപയോഗിച്ചിരുന്നത്. മണിപ്രവാളം [മലയാളവും സംസ്കൃതവും കലർന്ന ഭാഷ] ആയിരുന്നു. പിൽക്കാലത്ത് എഴുത്തച്ഛൻ കൂടാതെ ആശാനും വള്ളത്തോളും നമ്മുടെ ഭാഷയെ ഒട്ടും തന്നെ കലർപ്പില്ലാതെ വേർതിരിച്ച് സാഹിത്യലോകത്തിനു സമ്മാനിച്ചു. ക്രമേണ ദൈനംദിന ജീവിതത്തിൽ ആശയവിനിമയത്തിന് സംസ്കൃതം ആരും ഉപയോഗിക്കാതാകുകയും സംസ്കൃതത്തിലെ കട്ടുകട്ടിയായ പദങ്ങൾ സാധാരണക്കാർക്കു ഗ്രഹിക്കുവാൻ പ്രയാസവുമായിത്തീർന്നതോടെയുമാണ് മലയാളത്തിന്റെ കടന്നുവരവ്. ഏതൊരു ഭാഷയും പിൽക്കാലത്ത് അതിന്റെ വ്യക്തമായ ധർമ്മം നഷ്ടപ്പെടുമ്പോഴാണ് കാലഹരണപ്പെട്ടുപോവുക. അത്തരത്തിൽ നോക്കുകയാണെങ്കിൽ ഇന്നു മലയാള ഭാഷയും അങ്ങനെയുള്ള ഒരു ഭീഷണിയുടെ വക്കിൽ നിൽക്കുകയാണ്. ഭാരതത്തിൽ ഏതു സംസ്ഥാനമെടുത്താലും മലയാളികളെപോലെ മാതൃഭാഷാസ്നേഹികൾ കുറവായിരിക്കും.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻ ഭാഷതാൻ"

എന്നെഴുതിയ വള്ളത്തോളിന്റെ ജന്മഭൂമിയുടെ ഇന്നത്തെ അവസ്ഥ തികച്ചും വ്യത്യസ്തമാണ്. ഇന്നു മലയാളികളിൽ മലയാള ഭാഷയേക്കാൾ സ്വാധീനംഇംഗ്ലീഷ് ഭാഷയ്ക്കുണ്ട്. ഇന്ന് ശരാശരി മലയാളിയുടെ ആശയവിനിമയത്തിനുള്ള മാധ്യമമായി ഇംഗ്ലീഷ് കടന്നു വന്നിരിക്കുന്നു. ബോധപരമായി തന്നെ മലയാളികൾ മാതൃഭാഷയെ മറക്കുന്നു.

ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന മറ്റൊരുഭാഷയും ഇല്ല എന്നുതന്നെ പറയാം. കേരളത്തിൽ ബിരുദം ആവശ്യമാണെങ്കിൽ മലയാളം നിർബന്ധമില്ല.ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ മാതൃഭാഷയെ അവഗണിക്കുകയാണ് ചെയ്യുന്നത്.

പണ്ടുകാലങ്ങളിൽ കൊച്ചു കൊച്ചു കഥകളിലൂടെയും കവിതകളിലൂടെയും ഗുണപാഠങ്ങളിലൂടെ സ്നേഹം ,കരുണ,സഹജീവി സ്നേഹം എന്നിവ മുതിർന്നവർ പകർന്നു കൊടുക്കുമായിരുന്നു.എന്നാൽ അതിരില്ലാതായതോടെ മനുഷ്യനിൽ കരുണയുടെ അളവുകുറഞ്ഞുവരികയാണ്.ഇതിൽ നിന്നും ഭാഷ മനുഷ്യജീവിതത്തിൽ ആഴത്തിൽ പ്രചോദനം ചെലുത്തിയിരിക്കുന്നു എന്നും മനസ്സിലാക്കാം.മനുഷ്യന്റെ പുരോഗതിയ്ക്കു കാരണം തന്നെ ആശയവിനിമയം ആയിരുന്നു.അതിന്റെ മാധ്യമം ഭാഷയും അത്തരത്തിൽ മരിക്കുന്ന മലയാളത്തെ അറിവിന്റെ വ്യത്യസ്ത മേഖലകളിലൂടെ വളർത്തിയെടുക്കാവുന്നതാണ്.

നന്ദന.എസ്
9 C



# കുഞ്ഞുങ്ങൾക്കും വേണം സ്വാതന്ത്ര്യം

സൂര്യകിരണങ്ങൾ കണ്ണിൽ തൊട്ടപ്പോഴാണ് ആനി കണ്ണുതുറന്നത്. "ഹ്മം . നേരം വെളുത്തു . ഇന്നും ഇനി കലാഭവനിൽ പോകണം . വയ്യ ! ഇന്നലത്തെ തലവേദന ഇതുവരെ പോയില്ല . എനിക്കു വയ്യ. ഞാനുറങ്ങാൻ പോകുവാ ." അവൾ കണ്ണടച്ചു . " എഴുന്നേൽക്കെടീ, ഇന്നു ഡാൻസിനു പോകണമെന്നറിഞ്ഞുകൂടെ ! " അമ്മ അലറി. "അയ്യോ അമ്മേ ! ". അവൾ ഞെട്ടി എഴുന്നേറ്റു . "അമ്മേ, ഇന്നു തലവേദനയാ. ഞാൻ പോകുന്നില്ല ". "അത് നീയാണോടി തീരുമാനിക്കുന്നത്? എണീറ്റുപോ".



ഇങ്ങനെയാണ് ആനിയുടെ ജീവിതം . സന്തോഷവുമില്ല സുഖവുമില്ല . ഇവൾ ആറാം ക്ലാസിൽ പഠിക്കുന്നു . അമ്മ മേരി വലിയ ദേഷ്യക്കാരിയാണ് . അടുത്തുള്ള കുട്ടികൾക്കും അവരെ പേടിയൊണ്. ആനിയെ ശരിയായി സ്നേഹിക്കുന്നത് അച്ഛൻ മാത്രമാണ്. അമ്മ രാവിലെ ജോലിക്കുപോയാൽ വൈകുന്നേരം അഞ്ച് മണിക്കാണെത്തുക . മൂന്നരയ്ക്ക് ആനിയും കൂട്ടുകാരിയായ മീനയുമെത്തും . പിന്നെ കളിയാണ് . അച്ഛനും ജോലിക്ക് പോകും . പിന്നെ ആനിയുടെ വീട്ടിൽ അമ്മൂമ്മയും ആനിയും മാത്രമാണുള്ളത് . എന്നാൽ, ആനിയുടെ അമ്മ മീനയോട് കൂട്ടുകൂടാൻ സമ്മതിക്കില്ല . കാരണം മീന പാവപ്പെട്ട കുടുംബത്തിലാണ്. എന്നാൽ ഇവർ തമ്മിൽ കൂട്ടുകൂടുന്നതു കണ്ടാൽ ആനിയുടെ അമ്മ നല്ല ശിക്ഷ കൊടുക്കും .

അങ്ങനെ ആനിയുടെ ഈ സ്വാതന്ത്ര്യമില്ലാത്ത ജീവിതത്തിനിടയിൽ ഒരു ദിവസം ആനിയുടെ വീട്ടിൽ അമ്മൂമ്മ മാത്രമുള്ള സമയത്ത് ആനി കലാഭവനിൽ പോയി . അന്ന് ശനിയാഴ്ച്ചയായിരുന്നു . അച്ഛനമ്മമാർ ജോലിയ്ക്കു പോയി . മീന ആനിയുടെ വീട്ടിലേക്ക് വെറുതെ ഒന്നു എത്തിനോക്കി . അപ്പോൾ, അതാ

അമ്മൂമ്മയ്ക്ക് ശ്വാസമുട്ട് . മീന വേഗം അവിടേയ്ക്ക് ഓടിയെത്തി അമ്മൂമ്മയെ ആശ്വസിപ്പിച്ച് വേഗം തന്നെ ആനിയുടെ അച്ഛനെ വിളിച്ച് വിവരം പറഞ്ഞു . അച്ചൻ വേഗം വന്ന് അമ്മൂമ്മയെ ആശുപത്രിയിലെത്തിച്ചു . അങ്ങനെ, അമ്മൂമ്മ രക്ഷപ്പെട്ടു . അച്ഛൻ മീനയോട് നന്ദി പറഞ്ഞു . പിന്നെ മീനയുടെയൊപ്പം കളിച്ചുനടക്കുവാനും ആനിയുടെ അമ്മ അനുവദിച്ചു . അങ്ങനെ ആനിയും മീനയും സന്തോഷത്തോടെ കളിച്ചുനടന്നു . ആനിയ്ക്ക് കിട്ടിയ വലിയ സമ്മാനമായിരുന്നു ആ സ്വാതന്ത്ര്യം . ഇതിൽ നിന്നും കിട്ടുന്ന ഗുണപാഠമാണ്

" പണമല്ല കാര്യം . സ്നേഹം മനുഷ്യത്വമാണ്. "



നിഖിൽ സുന്ദർ . എം
9 B

# ബഷീറിന്റെ നോവലായ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു - പഠന ലേഖനം

ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു എന്ന ശീർഷകം ഒറ്റ വാക്കും ഒരു വാക്യവുമാണ്. വാമൊഴിയുടെ എല്ലാ സവിശേഷതകളും ഈ കൊച്ചു വാക്യത്തിലുണ്ട്. ഇതിവൃത്തം മുസ്ലിം സമുദായികതയുമായ് കെട്ടുപിണഞ്ഞു കിടക്കുന്നു. അത് ജീവിതത്തിന്റെ അതിസാധാരണതയിലൂടെ കടന്നു പോകുന്ന എന്ന പ്രതീതി ശീർഷകം കൊണ്ടുണ്ടാകുന്നു. വംശീയതയും വർഗ സ്വഭാവവും വെളിവാക്കാൻ ഭാഷണ ചിഹ്നങ്ങൾ തന്നെ പ്രയോജനപ്പെടുന്നു. മറ്റൊരു കൗതുകം കൂടി നോവൽ ശീർഷകം നിലനിർത്തുന്നു. ശീർഷകത്തിൽ പദങ്ങൾ എങ്ങനെ പിരിച്ചെഴുതാം എന്നതാണത്. ഏതു തരത്തിൽ ആകാം എന്നതിന് നോവലിൽ തന്നെ സൂചനകളുണ്ട്. എന്റെ ഉപ്പുപ്പാക്ക് ഒരു ആന ഉണ്ടായിരുന്നു എന്ന് പാത്തുമ്മയുടെ ഉമ്മ പറയുന്നുണ്ട്.

നോവലിലേക്കു കടന്നാൽ ബഷീർ വാക്കുകൾ കൊണ്ട് കുഞ്ഞു പാത്തുമ്മയുടെ ചിന്തകൾ ചിത്രീകരിക്കുന്നതായി കാണാൻ കഴിയും. അനുദിന ജീവിതത്തെ കുറിച്ചുപോലും ഭാവന കലർന്ന ചിന്തയാണ് കുഞ്ഞുപാത്തുമ്മക്കുള്ളത്. ചിന്താ സൗധത്തിനു മിത്തുകളുടെ ഗഹനത ഉണ്ട്. പുരാണങ്ങളിലൂടെ ചിന്തിച്ച ചിന്ത ദുർഗം രൂപപ്പെടുന്നു. പ്രകൃതിയോടുള്ള കുഞ്ഞുപാത്തുമ്മായുടെ അടുപ്പം മറ്റൊരു പ്രത്യേകതയാണ്. തന്റെ രക്തം കുടിച്ച അട്ടയെ പോലും വെറുതെ വിടാൻ കുഞ്ഞിപാത്തുമ്മക്കാകുന്നു. പ്രകൃതിയുടെ ജീവ ശൃംഖലയെ കൗതുകപൂർവ്വം പരിഗണിക്കുന്ന വ്യക്തിയാണ് കുഞ്ഞിപാത്തുമ്മ. ജീവിതത്തിന്റെ സൗന്ദര്യവും ഭീകരതയും കണ്ടറിയുകയും ശുഭാപ്തി വിശ്വാസത്തോടെ മുന്നോട്ടു പോകുകയും ചെയ്യുന്ന സമൂഹ സ്വപ്നമാണ് നോവലിൽ ഉള്ളത്. ഈ കാലഘട്ടത്തിൽ വായിക്കുമ്പോൾ നോവലിസ്റ്റിന്റെ സ്ത്രീ പക്ഷപാതവും പ്രകൃതി പക്ഷപാതവും സർവോപരി ജീവിതത്തിന്റെ അതിസാധാരണയിലുള്ള കമ്പവും പ്രധാന്യംഅർഹിക്കുന്നുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കും.

ലാത്തിരി എന്നല്ല രാത്രി എന്നും ഉന്നരിഎന്നല്ല സുന്ദരി എന്നും ഒക്കെ

പാത്തുമ്മയുടെ സംസാര രീതി തിരുത്തപ്പെടുന്നുണ്ട്. അച്ചടി ഭാഷക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്ത ബഷീർ എന്തുകൊണ്ട് കഥാപാത്രത്തെ കൊണ്ട് തിരുത്തിപ്പിക്കുന്നു എന്ന് പല വിമർശകരും ചോദിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ സന്ദർഭം കൊണ്ട് വേണം കാര്യം മനസ്സിലാക്കാൻ. അന്ധവിശ്വാസത്തിൽ നിന്ന് പുരോഗതിയിലേക്കുള്ള മാറ്റമായി വേണം ഈ നിലപാടിനെ കണക്കാക്കാൻ. വിദ്യാഭ്യാസത്തെ കുറിച്ചുള്ള ബഷീറിന്റെ കാഴ്ചപ്പാടുകൾ പൗര സമൂഹത്തെ ഉന്നം വയ്ക്കുന്നതാണ്. വെളിച്ചത്തിനു എന്തൊരു വെളിച്ചം എന്ന് പറയുന്നത് തന്നെ പരിഷ്കാരത്തിന്റെ ഫലമായി വന്ന മാറ്റംബോധ്യപ്പെടുത്താനാണ്. ചുരുക്കത്തിൽ ഭാഷാതന്ത്രത്തിലൂടെയും ആഖ്യാന തന്ത്രത്തിലൂടെയും സമൂഹത്തിനു വേണ്ട പരിഷ്ക്കാരം ഇവിടെ അവതരിപ്പിക്കപ്പെടുകയാണ്.

നിഷാ നായർ
മലയാളം അദ്ധ്യാപിക

# കേരളം - ദൈവത്തിന്റെ സ്വന്തം നാടാണ്

ദൈവത്തിന്റെ സ്വന്തം നാടായ കേരളം വിദേശ സഞ്ചാരികളുടെ പ്രിയ സഞ്ചാരകേന്ദ്രങ്ങളിൽ ഒന്നാണ്. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ കേരളത്തിന് ടൂറിസം മേഖലയിൽ തന്റേതായ വ്യക്തി മുദ്രപതിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പച്ചപ്പട്ടു പുതച്ച മലയോരമേഖലകളും അതിലൂടെ വെള്ളി അരഞ്ഞാണം പോലെ ഒഴുകുന്ന നദികളും തീരദേശമേഖലയുടെ ചാരുതയിൽ പുളകം കൊള്ളുന്ന പ്രദേശങ്ങളും ഇടയ്ക്ക് ചെറു കുന്നുകളും പുളകം കൊള്ളിക്കുന്ന കാഴ്ചയാണ്.

മനുഷ്യരുടെ സംസ്കാരവും പൈതൃകവും ഒത്തുചേരുന്ന ഒരു നല്ല പ്രാദേശിക ടൂറിസം മേഖലയായി ഉയരുന്ന കേരളം ഇന്ന് ഒരു മഹാവിപത്തിന്റെ കിഴിലാണ്. അതി സുന്ദരിയായ കൊച്ചിയെ ദുർഗന്ധം പരത്തി ചീത്തയാക്കിയതിന് മാലിന്യം തന്നെ കാരണം. കൊച്ചി മാത്രമല്ല, കേരളത്തിന്റെ പല ഭാഗങ്ങളും ഇപ്പോൾ മാലിന്യങ്ങൾ കൊണ്ട്നിറഞ്ഞിരിക്കുന്നു. ഒരു മെട്രോപൊളിറ്റൻ സിറ്റിയായതുകൊണ്ടും വ്യവസായമേഖലകൾ ഉള്ളതുകൊണ്ടും മാലിന്യങ്ങൾ കൂടുതലാണ്.കേരളത്തിന്റെ തലസ്ഥാനവും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടവും ആയതുകൊണ്ട് കൊച്ചിക്ക് കൂടുതൽ മാലിന്യം ചുമക്കേണ്ടി വരുന്നു.

നമ്മുടെ വീടുകളിൽ വരുന്ന മാലിന്യം നമുക്ക് തന്നെ നിർമ്മാർജനം ചെയ്യാവുന്ന കാര്യമേയുള്ളൂ. അതിന് മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റേയും ഒരു ആവശ്യവുമില്ല. നിർവീര്യമാക്കാൻ പറ്റുന്ന വസ്തുക്കൾ നമുക്ക് ചെടികൾക്ക് വളമായി ഉപയോഗിക്കാം .പിന്നെ നിർവിര്യമാക്കാൻ പറ്റാത്ത പ്ലാസറ്റിക്ക് വസ്തുക്കൾ ഉപയോഗം പരമാവധി കുറക്കണം .മാലിന്യവിമുക്ത കേരളം ഇപ്പോൾ ഒരോ മലയാളികളുടെയും സ്വപ്നമാണ് .

"ശുചിത്വ കേരളം സുന്ദര കേരളം"



ശ്രീനേഷ്.കെ എസ്
9B

# അനുഭവക്കുറിപ്പുകൾ

# മഹാപ്രളയത്തിന്റെ നേർക്കാഴ്ചകൾ

കേരളത്തിന് "ദൈവത്തിന്റെ സ്വന്തം നാട്" എന്ന പേരിട്ടതിന്റെ പൊരുൾ, ഈ പ്രളയകാലത്താണ് എനിക്ക് ബോധ്യമായത്. കുറച്ച് ദിവസങ്ങളായി ദൈവങ്ങൾ ഓടി നടക്കുകയാണ്. കേരളത്തിൽ മതാതീത സൗഹൃദവും നിശ്ചയദാർഢ്യവും ആത്മാഭിമാനവും വിളംബരം ചെയ്ത പ്രളയകാഴ്ച അതിജീവനത്തിന്റെ മഹത്വമായിരുന്നു.



മഹാപ്രളയത്തിലെ അതിരില്ലാത്ത കാഴ്ചകളിൽ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യവും പ്രത്യാശയുമാണ് നിറയുന്നത്. കരയിലും കായലിലും കടലിലും തീരത്തും മലയിലും മലയിടിച്ചിലിലും ആകാശത്തും വിമാനത്തിലും ബോട്ടിലും വെള്ളത്തിലുമൊക്കെയായി ദൈവത്തെ തിരിച്ചറിഞ്ഞ നിമിഷങ്ങൾ.......... ഒരേ സ്നേഹം , ഒരേ സങ്കടം, ഒരേ കരച്ചിൽ, ഒരേ അപ്പം....... എല്ലാം ഒരുമിച്ച്....... രാഷ്ട്രീയ ജാതിമത സംഘടനകൾക്കതീതമായി പ്രത്യാശയുടെ നേർകാഴ്ചകൾ..........

വെള്ളം വിഴുങ്ങിക്കളഞ്ഞ വീടിന്റെ ഉമ്മറത്ത് നിന്ന് സ്വന്തം അമ്മ നിലവിളിച്ച് കരയുന്നത് കണ്ട ഒരു മകൻ ഇങ്ങനെ

കുറിച്ചു. "നിലവിളിക്കുന്ന അമ്മയെ കണ്ട് എന്റെ കണ്ണ് സന്തോഷം കൊണ്ട് നിറഞ്ഞു. കാരണം അങ്ങനെ കരയാനെങ്കിലും എന്റെ അമ്മയെ പ്രളയം ബാക്കിവെച്ചല്ലോ". ഞാൻ കണ്ട പ്രളയകാഴ്ചയിലെ ഏറ്റവും തീവ്രമായ അനുഭവം അതായിരുന്നു.

വിവിധ മതത്തിൽപ്പെട്ട പള്ളിയും ക്ഷേത്രവും പ്രളയം ബാധിച്ചവർക്കായി തുറക്കപ്പെട്ടതും, പ്രളയത്തിൽ തകർന്ന പള്ളികളും ക്ഷേത്രങ്ങളും ജാതിവ്യത്യാസം മറന്ന് ശുചീകരിച്ചതും ശ്രദ്ധേയമായി. മുഖം നിറയെ കണ്ണീരും അകം നിറയെ പ്രാർത്ഥനയും വയറിനകത്തൊരു ജീവനെയും വഹിച്ചു കാത്തു നിന്ന ദുരിതാശ്വാസക്യാമ്പിലെ പെൺകുട്ടിയെ ആകാശമാർഗം വന്ന് ആശുപത്രിയിൽ എത്തിച്ച് സുഖപ്രസവത്തിന് ഇടമൊരുക്കിയ പട്ടാളക്കാർ അതിർത്തി മാത്രമല്ല ഉദരവും കൂടി ക്ഷമയോടെ കാക്കുമെന്നും പ്രളയം നമ്മെ പഠിപ്പിച്ചു.

അഭയാർത്ഥിക്യാമ്പിലെ അമ്മമാരുടെ അധരത്തിൽ നിന്നും പ്രാർത്ഥന മാറിയിട്ടില്ല. ക്രിസ്തുവിന്റെ മേരിയും അല്ലാഹുവിന്റെ ആമീനയും കണ്ണന്റെ ദേവകിയും ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ചപ്പോൾ ദൈവത്തിന്റെ പോലും കണ്ണു നിറഞ്ഞു കാണണം. അതാവാം ഇത്ര പെട്ടെന്ന് ഈ ശാന്തത ഉണ്ടായത്. പ്രളയകാലത്തെ ഈ അനുഭവം ജ്ഞാനത്തിന്റെ പുതിയ അധ്യായമാണ്. മനുഷ്യൻ സ്വയം മറന്ന് സ്നേഹിക്കാൻ തുടങ്ങിയിരിക്കുന്നു............

ദുരിതാശ്വാസക്യാമ്പിൽ കിട്ടിയിരുന്ന പൊതിച്ചോറിൽ വിശപ്പിന്റെയും സൗഹൃദത്തിന്റെയും കരുതലിന്റെയും

സുഗന്ധമുണ്ടായിരുന്നു. പൊതിച്ചോർ വിശപ്പടക്കുന്നതിനു മാത്രമായിരുന്നില്ല..... അത് ചില നൊമ്പരങ്ങളും തിരിച്ചറിവുകളുമായിരുന്നു. മതഭേദം മറന്ന് ദുരിതാശ്വാസക്യാമ്പുകളിൽ പൊതി അഴിച്ച് വിശപ്പ് പങ്കിട്ടപ്പോൾ പ്രളയകാല സൗഹൃദങ്ങൾ വിളിച്ചു പറഞ്ഞത് പൊതിച്ചോറിന്റെ സൗരഭ്യവും ആത്മീയതയുമായിരുന്നു. പ്രളയ മുറിവുകൾക്ക് സാന്ത്വനം പകർന്ന് പൊതിച്ചോർ നൽകി ഭൂമിയിലെ മാലാഖമാർ അജ്ഞാതരായ പ്രളയ ബാധിതർക്ക് എത്തിച്ചത് കരുതലിന്റെ കാഴ്ചയായിരുന്നു. വിശപ്പും ദാഹവും ക്ഷീണവും അകറ്റിയ പൊതിച്ചോറിൽ നല്ല അയൽക്കാരനെ യാണ് കണ്ടത്. മലയാളികൾ ഒറ്റക്കെട്ടായി പ്രളയത്തെ അതിജീവിച്ചപ്പോൾ 'കാരുണ്യം' എന്ന ജീവിത മനോഭാവമാണ് മനസ്സുകളിൽ ചേക്കേറിയത്.

വീടിന്റെ മുറ്റത്തു വന്നു നിന്ന വെള്ളം ഒരു മണിക്കൂറിനുള്ളിൽ വീടിനുള്ളിൽ കയറി ജനൽ വരെ ഉയർന്നത് ആശങ്കയാണോ, അത്ഭുതമാണോ, ഭയമാണോ കൂടുതൽ ഉണ്ടാക്കിയത് എന്നു പറയാനാവുന്നില്ല. എങ്കിലും പ്രളയകാലം നൽകിയ നന്മചിത്രങ്ങൾ അനവധിയാണ്. കഴുത്തറ്റം ഉയർന്നു പൊങ്ങിയ വെള്ളത്തിലൂടെ സാഹോദര്യത്തിന്റെ ജീവിത പാഠങ്ങൾ വഞ്ചിയിലും ചെമ്പിലും ഹെലികോപ്റ്ററിലും പറന്നടുക്കുകയായിരുന്നു.

വീടുകളിൽ ഒറ്റപ്പെട്ടവരെ രക്ഷിച്ച സന്നദ്ധപ്രവർത്തകരുടെ ഉത്സാഹവും മത്സ്യതൊഴിലാളികളുടെ ധീരതയും ഇന്നും ജനഹൃദയങ്ങളിൽ മായാത്ത കാഴ്ചയാണ്. മഹാപ്രളയത്തെ അതിജീവിക്കുന്നതിന് ജാതിമത രാഷ്ട്രീയ ഭേദം മറന്ന് സ്വമേധയാ ജനങ്ങൾ കൂട്ടമായി രക്ഷാപ്രവർത്തനങ്ങൾ

നടത്തി. ഗർഭിണികളെയും കുഞ്ഞുങ്ങളെയും ഉൾപ്പെടെ എല്ലാം ദുരന്തഭൂമിയിൽ നിന്ന് രക്ഷപ്പെടുത്തിയ കാഴ്ച ഞെട്ടലോടെയാണ് സമൂഹം കണ്ടത്. ബോട്ടുകളിൽ കയറുവാൻ ബുദ്ധിമുട്ടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വെള്ളത്തിൽ മുട്ടുകുത്തി കിടന്ന് സ്വയം ചവിട്ടുപടിയായി തീർന്ന മലപ്പുറം സ്വദേശി ജെയ്സൽ ജനഹൃദയങ്ങളിൽ ദൈവമായി സ്ഥാനം പിടിച്ചു.

ഒരുമയുടെയും കരുതലിന്റെയും സാഹോദര്യത്തിന്റെയും തിരിച്ചറിവാണ് 2018-ലെ മഹാപ്രളയം.

എ . റ്റി . സാറാമ്മ

സോഷ്യൽ സയൻസ് അദ്ധ്യാപിക

# പ്രളയം - പഞ്ചസാര പോലെ

2018 – ലെ മഹാപ്രളയം മറക്കാനാവാത്ത ഒരു പാട് അനുഭവങ്ങളിലൂടെയാണ് കടന്നു പോയത്. അതിജീവനം എന്ന വാക്ക് വെറും വാക്കായി മാത്രം മാറുന്ന ആലുവക്കാർക്ക്. പെരിയാറിന്റെ കരയിൽ 'ചൂർണ്ണിക്കരയിൽ ' ആഗസ്റ്റ് മാസം 14 - ന് പെയ്ത തോരാമഴയിൽ രാത്രി 8.30 തോടെ വെള്ളം ഞങ്ങളുടെ വീട്ടിൽ എത്തി നോക്കി തുടങ്ങി. രാത്രി 12 മണിക്ക് രാജ്യം സ്വാതന്ത്ര്യദിനത്തിലേക്ക് കടക്കുമ്പോൾ



ഞങ്ങൾ കമ്പനിപ്പടിക്കാർ തറനിരപ്പുവരെ ഉയർന്ന വെള്ളത്തിൽ ഒഴുകി വന്ന ചെളിയും മറ്റു അവശിഷ്ടങ്ങളും തിരിച്ച് ഒഴുക്കിക്കളയുകയായിരുന്നു. 15 - ന് രാവിലെ വീണ്ടും ജലം ഞങ്ങളെ ആശങ്കപ്പെടുത്തുന്ന വിധത്തിൽ ഉയർന്നുകൊണ്ടിരുന്നു. ജലനിരപ്പ് ഉയരുന്നത് കാണാൻ വളരെയധികം സന്തോഷത്തോടെ തലേരാത്രി പുഴയിൽ പോയി നോക്കി കണ്ട ഞങ്ങൾക്ക് പിറ്റേദിവസം രാവിലെ സന്തോഷം സങ്കടമായി മാറുന്ന അവസ്ഥയിലെത്തി. കൈയ്യിൽ കിട്ടിയതെല്ലാമെടുത്ത് കുട്ടികളെയും വൃദ്ധരേയും രോഗികളെയുമൊക്കെ കൊണ്ട് എങ്ങോട്ട് പോകണമെന്നറിയാതെ റോഡിൽ വെള്ളം കയറാത്തിടം നോക്കി നിൽക്കുന്ന ആൾക്കാരെയാണ് കാണാൻ സാധിച്ചത്. എന്നാലും എല്ലാവരും പറയുന്നത് കേട്ടു വെള്ളം കുറച്ച് കഴിയുമ്പോൾ ഇറങ്ങും പിന്നെ തിരിച്ചു വരാല്ലോ എന്ന്. എല്ലാ പ്രതീക്ഷകളും തെറ്റിച്ചു കൊണ്ടാണ് വെള്ളത്തിന്റെ വരവ്. വീടിന്റെ ചുറ്റും കണ്ട വെള്ളം സെക്കന്റുകൾക്കുള്ളിൽ നല്ല ആവേശത്തോടെ ഉള്ളിലെത്തുന്നതും

ജലനിരപ്പ് ഉയരുന്നതും കാണേണ്ട കാഴ്ചയാണ്. ഭിത്തിയുടെ വിടവിലൂടെ, വാതിലിന്റെ അടിയിലൂടെ, അങ്ങനെ എവിടെയെല്ലാം ദ്വാരങ്ങളുണ്ടോ അതിലൂടെയെല്ലാം. 11- മണിക്ക് ഉച്ചഭക്ഷണം കഴിച്ചിട്ട് വീടും പൂട്ടി പോകാമെന്ന് വിചാരിച്ച ഞങ്ങൾക്ക് അതിനുള്ള സമയം പോലും കിട്ടിയില്ല. ഒന്നും എടുക്കാതെ എല്ലാം അവിടെ ഉപേക്ഷിച്ച് രണ്ടു ജോഡി വസ്ത്രങ്ങളുമായി അവിടം വിട്ടു. അപ്പോഴേക്കും വെള്ളം അരഭാഗം വരെ എത്തിയിരുന്നു. ബന്ധുവീടുകളിലെല്ലാം വെള്ളം കയറി കഴിഞ്ഞിരുന്നു. ഞങ്ങൾ കാക്കനാട്ടേക്കാണ് പോയത്. ക്വോർട്ടേഴ്സിൽ പന്ത്രണ്ട് ദിവസം താമസിക്കേണ്ടി വന്നു. താക്കോൽ കൈയ്യിൽ കിട്ടിയപ്പോൾ ഞങ്ങൾ വിചാരിച്ചു ഒരു ദിവസത്തെ കാര്യമല്ലേ എന്ന്. പിന്നെ ദുരിതദിനങ്ങളായിരുന്നു. ഭക്ഷണവും, കുടിവെള്ളവും ഹോട്ടലിൽ പോലും ഇല്ലാത്ത അവസ്ഥ. ഓണം- ഒരിക്കലും മറക്കില്ല ഭക്ഷണത്തിനു വേണ്ടി വിശപ്പോടെ കാത്തിരുന്നത്. അഞ്ചു ദിവസം വേണ്ടി വന്നു വെള്ളം ഇറങ്ങാൻ. ദിവസവും മെട്രോയിൽ വന്ന് കമ്പനിപ്പടി ഭാഗത്ത് വെള്ളം ഇറങ്ങിയോ എന്നു നോക്കി തിരിച്ചു പോകുമായിരുന്നു. വെള്ളം മുട്ടോളം ഇറങ്ങിയപ്പോൾ ഞങ്ങൾ വീട്ടിലെത്തി. കണ്ട കാഴ്ചകൾ വിവരണാതീതമായിരുന്നു. എങ്ങും ചെളിയും അഴുക്കും. ഏഴടി ഉയരത്തിൽ വെള്ളം കെട്ടി നിന്ന വീട്ടിൽ സാധനങ്ങളെല്ലാം ചെളിയിൽ കുളിച്ച് തലകീഴായി കിടക്കുന്നു. എവിടെന്ന് വൃത്തിയാക്കൽ ആരംഭിക്കണമെന്ന് അറിയാതെ നിന്ന എന്നെ സഹായിക്കാനായി വന്ന ബീഹാറുകാരൻ "പഫുൽ" ആണ് അടുക്കളയിൽ നിന്ന് ആരംഭിക്കാമെന്ന് പറഞ്ഞത്. കറണ്ടില്ല,ശുദ്ധ ജലമില്ല, ഭക്ഷണമില്ല. പിന്നീടുള്ള ദിനങ്ങൾ ചെളിവെള്ളത്തിൽ. ഒത്തിരി സുമനസ്സുകൾ ഞങ്ങൾ ആവശ്യപ്പെടാതെ തന്നെ സഹായിക്കാൻ എത്തി. കോളേജ്-സ്ക്കൂൾ കുട്ടികൾ മുതൽ ഉയർന്ന ഓഫീസർമാർ വരെ. പിന്നെ ഒരുതരം നിർവ്വികാരതയായിരുന്നു.

എങ്ങനെയെങ്കിലും ജീവിച്ചാൽ മതിയെന്ന അവസ്ഥ. ഒരിക്കലും മഴയെ ഞങ്ങൾ വെറുത്തില്ല. പഞ്ചസാര എന്താണെന്നറിയാത്ത ആളെ പഞ്ചസാര മധുരിക്കുന്നതാണെന്നു പറഞ്ഞാൽ അയാൾക്കു മനസ്സിലാവില്ല. കുറച്ച് വായിലിട്ടു കൊടുക്കണം. അതുപോലെയാണ് പ്രളയം അനുഭവിച്ചവർക്ക് . ഇന്നും കമ്പനിപ്പടിയിൽ തകർന്ന കെട്ടിടങ്ങളും മതിലില്ലാത്ത ചെളിയിൽ പുരണ്ട വീടുകളും പ്രളയത്തിന്റെ ബാക്കിപത്രമായി കാണാൻ കഴിയും. ജനങ്ങളുടെ സ്നേഹം , സഹകരണം ഒക്കെ അനുഭവിച്ചറിയാൻ കഴിഞ്ഞു.

ബിന്ദു . ഇ.എൻ
അദ്ധ്യാപിക

# ശാസ്ത്രക്കുറിപ്പ്

## തീപ്പെട്ടി ഇല്ലാതെ തീ

ഒരു ബീക്കറിൽ അൽപ്പം പൊട്ടാസ്യം പെർമാഗനേറ്റ് എടുക്കുക. നല്ലവണ്ണം പൊടിച്ചശേഷം അല്പം സൾഫ്യൂറിക്കാസിഡ് ചേർക്കുക. പൊട്ടാസ്യം പെർമാഗനേറ്റ് മുഴുവൻ ലയിച്ചശേഷം ആൽക്കഹോളിൽ മുക്കിയ കോട്ടൺ ലായിനിയിലേക്ക് കടത്തുക. തീപ്പെട്ടിയില്ലാതെ കോട്ടൺ കത്തുന്നത് കാണാൻ കഴിയും.

## വാനിഷിങ്ങ് ഗ്ലാസ്സ്

ഒരുബീക്കറിൽ 50ml ബെൻസീനും 40ml കാർബൺ ടെട്രാക്ലോറൈഡും എടുക്കുക. മിശ്രിതം നന്നായി ഇളക്കിയശേഷം ഒരു ഗ്ലാസ്സ് റോഡ് അതിൽ വെയ്ക്കുമ്പോൾ ലായിനിയുടെ ഉപരിതലത്തിന് അടിയിൽ ഗ്ലാസ്സ് റോഡ് അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

# സിൽവർ മിറർ


ഒരു ടെസ്റ്റ്ട്യൂബിൽ അൽപ്പം സിൽവർ നൈട്രേറ്റ് ലായനി എടുക്കുക. അതിൽ അമോണിയം ഹൈഡ്രോക്സൈഡ് ചേർക്കുക. ഒരു അവക്ഷിപ്തം ഉണ്ടാകുന്നു. അവക്ഷിപ്തം പൂർണ്ണമായി ലയിക്കുന്നതുവരെ അമോണിയം ഹൈഡ്രോക്സൈഡ് ചേർക്കുക. ലായനിയിലേക്ക് അൽപ്പം ഗ്ലൂക്കോസ് ചേർക്കുക. അതിനുശേഷം ഒരു വാട്ടർബാത്തിൽ വെച്ച് ചൂടാക്കുക. ടെസ്റ്റ്ട്യൂബിന്റെ വശങ്ങളിൽ സിൽവർ മിറർ ഉണ്ടാകുന്നതായി കാണാം.

# കൃത്രിമ രക്തവും മിൽക്കും പരീക്ഷണശാലയിൽ

ഒരു ബീക്കറിൽ പൊട്ടാസ്യംതയോസയനേറ്റ് ലായനി എടുക്കുക. സിറിഞ്ച് ലായനിയിൽ കഴുകുക. ഫെറിക് നൈട്രേറ്റിൽ മുക്കിയ കോട്ടൺ കൈയ്യിൽ അമർത്തി സിറിഞ്ച് ഉപയോഗിച്ച് ഫെറിക് നൈട്രേറ്റ് വലിച്ചെടുക്കുക.അപ്പോൾ സിറിഞ്ചിൽ രക്തവർണ്ണമുണ്ടാകുന്നു.

# ചിത്രങ്ങൾ

"നമ്മൾ അതിജീവിക്കും!"




Govind.A.M
XA
25
S.N.H.S.S


A.P.PRATHYUSH SANKAR



GOURI SANKAR


Idakki dam


Govind A.M
XA
25
S.N.H.S.S



Child Labour
A.P.PRAYAG SANKAR



MIDHUN K.S














S N H S S THRIKKANARVATTOM AYYAPPANKAVU
NCC ANNUAL TRAINING CAMP-2017
WINNERS- BESTDRILL AND BEST SCHOOL
HEAD MISTRESS J.BINDU,PTA PRESIDENT M.S.SURESH AND NCC OFFICER E.R.BINU


OFFICE

# നന്ദി

ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും , ഇതിന് നേതൃത്വം നല്കിയ സലിദ ടീച്ചർക്കും രാജലക്ഷ്മി ടീച്ചർക്കും നിഷ ടീച്ചർക്കും ഒരായിരം നന്ദി.

സ്റ്റുഡന്റ് എഡിറ്റർ
നിഖിൽ സുന്ദർ എം.


THANKS